# വ്യാപാരകേരളം

സമ്പൂർണ്ണ മാസിക

പുസ്തകം 1 ലക്കം 7 പേജുകൾ 43 നവംബർ 2020



നിത്യനിർമ്മല പൗർണമിക്കു ശേഷം

ഇ.ഡി.ഡേവിസ്

സമകാലികം ■ റിഥം ഓഫ് ലൈഫ് ■ കവിതാപുസ്തകം

മുഖച്ചിത്രം: ജസിന്ത മോറിസ്

# എഡിറ്റേഴ്സ് പേജ്



**ജസിന്ത മോറിസ്**

മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ കഥയും കവിതകളും എഴുതുന്ന സാഹിത്യകാരി. നോവലും അനുഭവ വിവരണങ്ങളും അടക്കം 12 പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. രണ്ടു പുസ്തകങ്ങൾ ഷാർജ ഇന്റർനാഷണൽ ബുക്ക് ഫെസ്റ്റിവലിലാണു പ്രകാശിതമായത്. 34 അവാർഡുകൾ നേടി. അഭിനയം, സംഗീതം, നൃത്തം, ജൈവകൃഷി എന്നീ മേഖലകളിലും തിളങ്ങി. ഡോക്യുമെന്ററിയും ആൽബങ്ങളും പുറത്തിറക്കിയിട്ടുണ്ട്. നിരവധി സാംസ്കാരിക പ്രസ്ഥാനങ്ങളുടെ ഭാരവാഹിയാണ്. ബാംഗളൂരുവിലായിരുന്നു ജനനം. പത്താം വയസു മുതൽ കേരളത്തിലാണു വളർന്നത്. തിരുവനന്തപുരത്തെ എക്കൗണ്ടന്റ് ജനറൽ ഓഫീസിൽ സീനിയർ അക്കൗണ്ടന്റാണ്.


ഓഫീസ്:

**വ്യാപാരകേരളം**

**(ഓൺലൈൻ മാസിക)**

പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
**റയൻ ജോസഫ്**




ഓൺലൈൻ മാധ്യമങ്ങളുടെ ദുരുപയോഗം ഏറെ ചർച്ച ചെയ്യപ്പെടുന്നുണ്ടല്ലോ. ഒരാളെയോ, ഒരു കൂട്ടത്തെയോ, ഒരു സമൂഹത്തെയോ കളങ്കമേൽപ്പിക്കാൻ, അയഥാർഥ കഥകൾ മെനയുന്ന സംഭവങ്ങൾ വിരളമല്ല. ഏതു പ്രായത്തിലുള്ളവർക്കും വഴങ്ങുന്ന വിധം ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വിപുലമായിട്ടുണ്ട്. സ്വത്വം വെളിപ്പെടുത്താതെ, മേൽചൊന്നവിധം, ഓൺലൈൻ സംവിധാനങ്ങൾ ദുരുപയോഗിക്കുന്ന ചുരുക്കം പേരുണ്ടെന്നതും യാഥാർഥ്യമാകുന്നു.

അയഥാർഥ കഥകൾ പ്രചരിപ്പിക്കുന്നവരോട് അപ്പപ്പോൾ പ്രതികരിക്കുന്നതിന് വേണ്ടത്രയിടം ഇവിടെ ലഭ്യമാണ്. എങ്കിലും, സത്യമേത്... മിഥ്യയേത്... എന്നൊക്കെ തിരിച്ചറിയുമ്പോഴേക്കും കൽപ്പിത ദൂഷണങ്ങൾക്ക് വല്ലാത്ത പ്രചാരം ലഭിക്കുന്നതിന് സംഗതിയാകും. സത്യമാകട്ടെ, വെളിപ്പെട്ടാലും, ഇത്രമേൽ പ്രചരിക്കപ്പെടാതെ അസത്യങ്ങളുടെ മറവിൽ ഒതുക്കപ്പെടുന്നതും നമുക്കിടയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു.

സ്ത്രീവിരുദ്ധത പലപ്പോഴും ആഘോഷിക്കപ്പെടുന്ന ഇടമാണ് സൈബർ ലോകം. ഇതിനെതിരെ സ്ത്രീ-പുരുഷ ഭേദമെന്യേ പ്രതികരണങ്ങൾ ഉണ്ടാകുന്നുവെന്നത് ശുഭസൂചനയാണ്. സൈബർ ലോകത്തെ സ്ത്രീസാന്നിധ്യത്തെ കുറിച്ച് 'വ്യാപാരകേരളം' സംഘടിപ്പിച്ച ചർച്ചയിൽ, ഇതുമായി ബന്ധപ്പെട്ട വിവിധ തലങ്ങൾ വെളിവാക്കപ്പെടുകയുണ്ടായി. ഓൺലൈൻ മാധ്യമങ്ങളിൽ സജീവമായി നിലയുറപ്പിച്ചിട്ടുള്ള വനിതകൾ, അനുഭവങ്ങളും സാധ്യതകളും ചതിക്കുഴികളുമൊക്കെ ഈ ചർച്ചയിൽ അവതരിപ്പിച്ചു.

സൈബർ ലോകത്തെ ഇരുട്ടറകളെകുറിച്ച്, അതുപയോഗിക്കുന്നവർ അറിഞ്ഞിരിക്കേണ്ടതുണ്ട്. ഇത്തരം ഇരുൾവലകളുടെ സമീപം പോലുമെത്താതെ, ലോക വ്യാപാരങ്ങളിൽ പങ്കുചേരാനും സ്വത്വവികസനത്തിനും ഇതേറെ സഹായകമാകും.

അച്ചടിച്ച് വിതരണം നടത്തി വായനക്കാരന്റെ കൈയിൽ കോപ്പി എത്തിക്കുകയെന്ന സർക്കുലേഷൻ സംവിധാനങ്ങൾ ആവശ്യമില്ലാത്ത ഓൺലൈൻ മാധ്യമങ്ങൾ, അച്ചടിമാധ്യമങ്ങളെപോലെ 'വിശ്വാസ്യത' നേടിയെടുക്കേണ്ട സമയം അതിക്രമിച്ചിട്ടുണ്ട്. ഓൺലൈൻ മാധ്യമങ്ങളെ വേട്ടയാടുന്ന, 'വിശ്വാസ്യത ഉറപ്പില്ലായ്ക' എന്ന ദുഷ്പേരിന് അതീതമായി നിലകൊള്ളുന്ന, സ്ഥിരത നേടിയ മാധ്യമങ്ങളും സൈബർ ലോകത്തുണ്ട്. വിശ്വാസ്യത പുലർത്തുന്ന ഇത്തരം മാധ്യമങ്ങളുടെ പ്രചാരകരാകുവാൻ വായനക്കാരന് സാധിക്കും.

സൈബർ ലോകത്തെ വിശ്വസ്ത പ്ലാറ്റ്ഫോമുകൾ പിന്തുടരാനും, അവിശ്വസ്തത തെളിയിച്ച കുപ്രസിദ്ധരെ തഴയാനും വായനക്കാരൻ തയാറാകുന്നതോടെ, ക്ഷുദ്രപ്രവൃത്തികൾ സൈബർ ലോകത്തുനിന്നും കുറെയൊക്കെ തുടച്ചുമാറ്റപ്പെടും. ഈയിടെ പോലീസ് ആക്റ്റിൽ വരുത്തിയ ഭേദഗതി, സൈബർ ക്രിമിനലുകളെ കണ്ടെത്തി, നിയമത്തിനു മുന്നിലെത്തിക്കുവാൻ സഹായകമാകുമെന്നും വിലയിരുത്തപ്പെടുന്നു.

**-സി.ആർ.രാജൻ,**

എഡിറ്റർ

# അകത്താളുകളിൽ


പേജ് 4: അക്കിത്തം സ്മരണ: ഇ.ഡി.ഡേവീസ്, പേജ് 7: കഥ: എ.കെ.അനിൽകുമാർ, പേജ് 8: സമകാലികം: ഫ്രാങ്കോ ലൂയിസ്, പേജ് 11: കഥ: ജിൻഷ ഗംഗ, പേജ് 14: റിഥം ഓഫ് ലൈഫ്: തേജശ്രീ, പേജ് 16: കഥ: സാന്ദ്ര എസ്. വാരിയർ,

**കവിതാപുസ്തകത്തിലെ കവിതകൾ:** പേജ് 20: ജയപ്രകാശ് എറവ്, പേജ് 21: സാബി തെക്കേപുറം, പേജ് 23: കെ.കെ. മണികണ്ഠൻ, പേജ് 24: ഹാജറ കെ.എം, പേജ് 25: സെയ്തലവി വിളയൂർ, പേജ് 26: ജൂല അതിയാരത്ത്, പേജ് 27: യഹിയാ മുഹമ്മദ്, പേജ് 28: സ്വപ്നറാണി എം, പേജ് 29: വിനോദ് വെള്ളായണി, പേജ് 30: എസ്.കെ.ജയദേവൻ, പേജ് 31: കല്യാണി, പേജ് 32: വിനോദ് വി.ദേവ്, പേജ് 33: ജസ്ന ഖാനൂൻ, പേജ് 34: മുനീർ കടയ്ക്കൽ, പേജ് 35: അർച്ചന ഇന്ദിര ശങ്കർ, പേജ് 36: നിധീഷ് മാലുമേൽ, പേജ് 37: രശ്മി എൻ.കെ, പേജ് 38: പി.ആർ.ദേവി, പേജ് 39: കെ.വി.ശ്രീജ, പേജ് 40: ശ്രീഷ്മ പി, പേജ് 41: രജില ചിത്തരഞ്ജൻ, പേജ് 42: മുഹമ്മദ് അജീർ, പേജ് 43: സ്വബീഹ് മുന്നിയൂർ.



## പുസ്തക പരിചയം

# എം.ടിയുടെ എഴുതപ്പെടാത്ത ആത്മകഥയും ഗൗരവപൂർണ്ണമായ പാരിസ്ഥിതിക ചിന്തകളും

**മോഹൻ രാമകൃഷ്ണൻ**

ബാല്യം, പ്രണയം, എഴുത്ത്, വായന, സാഹിത്യം, സിനിമ, തിരക്കഥ, സൗഹൃദം, പരിസ്ഥിതി, രാഷ്ട്രീയം തുടങ്ങി ഈ ചർച്ചയിൽ ഉൾപ്പെടാത്ത വിഷയങ്ങളില്ല. അതുകൊണ്ടുതന്നെ എം.ടിയുടെ എഴുതപ്പെടാത്ത ആത്മകഥയായി മാറുന്നു 'കൂടിക്കാഴ്ച' എന്ന പുസ്തകം.






ഒ.എൻ.വി, എൻ.പി.മുഹമ്മദ്, എം.മുകുന്ദൻ, മമ്മൂട്ടി, എസ്.ജയചന്ദ്രൻ നായർ, ടി.വി.കൊച്ചുബാവ, ജോൺ പോൾ, എം.കെ.ഹരികുമാർ, ഡോ. ആർസു, ശ്രീജിത്ത് പെരുന്തച്ചൻ, കോഴിക്കോടൻ, ഇ.പി.രാജഗോപാലൻ, രജി ആർ. നായർ, ലത്തീഫ് പറമ്പിൽ എന്നിവരുമായി എം.ടി ഹൃദയം തുറക്കുകയാണ് 'കൂടിക്കാഴ്ച' എന്ന പുസ്തകത്തിൽ.

'വിനാശത്തിലേക്ക് ഒരു മയക്കദൂരം' എന്ന പുസ്തകം എം.ടിയുടെ ഗൗരവമാർന്ന പാരിസ്ഥിതിക ചിന്തകൾ ഉൾക്കൊള്ളുന്നു. മൂന്ന് ഭാഗങ്ങളിലായാണ് പുസ്തകം.

പ്രകൃതീമനോഹരി എന്ന വിഭാഗത്തിൽ നാലുകെട്ട്, അസുരവിത്ത്, പാതിരാവും പകൽവെളിച്ചവും, മഞ്ഞ്, കാലം, വിലാപയാത്ര, രണ്ടാമൂഴം എന്നീ കൃതികളിലെ പരിസ്ഥിതി വർണ്ണനകളും; വിപൽസന്ദേഹങ്ങൾ എന്ന വിഭാഗത്തിൽ കുമരനെല്ലൂരിലെ കുളങ്ങൾ, വെളിച്ചത്തിന്റെ മേഖല, കനിവിന്റെ ഉറവുകൾ, മീനച്ചൂട്, മുത്തശ്ശിക്കഥയുടെ ബാക്കി, മഴ പെയ്യണ പെയ്യലില്, ഭ്രാന്തൻ സ്വപ്നങ്ങൾ, കൂടാരങ്ങൾക്കു പിന്നിൽ, ആയുർവേദത്തിൽ ഗവേഷണം അനിവാര്യം എന്നീ ലേഖനങ്ങളും; വിനാശത്തിലേക്ക് ഒരു മയക്കദൂരം എന്ന വിഭാഗത്തിൽ ഓർമ്മകളിലെ നിള, ദുഃഖിക്കുന്നവർക്കുവേണ്ടി, നമുക്കെന്തു ചെയ്യാനാവും, തിരിച്ചുപിടിക്കാനാകാത്ത നിള, ചാലിയാറിന്റെ നിലവിളി, അസ്തിത്വത്തിന് വേണ്ടിയുള്ള സമരം, അസംഭവ്യമല്ല വെള്ളത്തിനുവേണ്ടിയുള്ള യുദ്ധം എന്നീ ലേഖനങ്ങളുമാണ്.

മലയാളത്തിലെ ഏറ്റവും മികച്ച പാരിസ്ഥിതിക പുസ്തകമാണ് 'വിനാശത്തിലേക്ക് ഒരു മയക്കദൂരം' എന്ന് നിസ്സംശയം പറയാം.

പ്രസാധകർ: ഹരിതം ബുക്സ്, കോഴിക്കോട്

അക്കിത്തം സ്മരണ

# നിത്യനിർമ്മല പൗർണ്ണമിക്കുശേഷം





ഇ.ഡി. ഡേവീസ്

**പ**ലകാലങ്ങളിൽ ജീവിച്ച ഒരു പ്രതിഭയെ വിലയിരുത്തുക എന്നത് വളരെ സങ്കീർണവും ക്ലേശകരവുമായ പ്രക്രിയയാണ്. അക്കിത്തം അച്യുതൻനമ്പൂതിരിയുടെ ജീവിതമുഹൂർത്തങ്ങളിലൂടെയും കാവ്യസഞ്ചാരത്തിലൂടെയും കടന്നുപോകുമ്പോൾ കവിത എന്ന വലിയ സത്യത്തിൽ വിലയം പ്രാപിക്കലായിരിക്കും കരണീയം. വിരുദ്ധോക്തികളെ വിമലീകരിക്കുന്ന ആത്മനിവേദനമാണ് കവിത.

1926 മാർച്ച് 18ന് ജനിച്ചൊരാൾ. തൊണ്ണൂറ്റിനാല് വയസു പിന്നിട്ട് ജീവിച്ചു. സംഭവബഹുലമായ ഇരുപതാംനൂറ്റാണ്ടിന്റെ ചുവന്ന ദശകങ്ങളുടെ ഉൾപ്പുളകങ്ങളെ യൗവനം അഭിമുഖീകരിക്കുന്നു. വി.ടി. ഭട്ടതിരിപ്പാടിന്റെ അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് എന്ന നാടകം തന്റെ സമുദായത്തെ ഇളക്കിമറിക്കുമ്പോൾ കവിക്ക് പ്രായം ബാല്യകൗമാരമാണ്. എങ്കിലും 1944 ആകുമ്പോഴേക്കും അതായത് പ്രായപൂർത്തി ആകുമ്പോഴേക്കും കവിതയുടെ മഹാഭ്രമണപഥത്തിൽ തന്റേയിടം കണ്ടെത്തി അദ്ദേഹം. ചങ്ങമ്പുഴ കൃഷ്ണപിള്ളയെ അനുസ്മരിക്കുമ്പോൾ അദ്ദേഹം എഴുതിയിരിക്കുന്നത് 'ഞാൻ കുമാരനെല്ലൂർ ഹൈസ്കൂളിൽ അഞ്ചാംഫോറം വിദ്യാർത്ഥിയായിരുന്ന കാലത്താണ് ഇടശ്ശേരിയുടെ നിർദേശപ്രകാരം പത്തു കവിതകൾ കൂട്ടിക്കെട്ടി മംഗളോദയം മാനേജർക്ക് അയച്ചുകൊടുത്തത്. 1943 അവസാനമോ 1944 ആദ്യമോ ആവണം അതുണ്ടായത്. ആറാം ഫോറത്തിൽ പഠിക്കുമ്പോഴാണ് ആ കവിതകൾ 'വീരവാദം' എന്ന പേരിൽ ഒരു പുസ്തകശാലയിൽ തൂങ്ങിനില്ക്കുന്ന കാഴ്ച എന്നെ അമ്പരപ്പിച്ചത്. ആരാണീ പുസ്തകത്തിന് പേരിട്ടത്? എനിക്കറിഞ്ഞുകൂടാ. പിന്നീട് മംഗളോദയത്തിൽ ചെന്നപ്പോൾ പ്രൂഫ് റീഡർ മൂസ്സതോ, ആരോ എന്നോടു പറഞ്ഞു. ആദ്യത്തെ കവിതയായ വീരവാദത്തിന്റെ ശീർഷകം തന്നെ മതി പുസ്തകത്തിനും എന്നു നിശ്ചയിച്ചത് ചങ്ങമ്പുഴയാണ്. ഇതെനിക്ക് വലിയ അഭിമാനമുളവാക്കി. പക്ഷേ, ആ തീരുമാനമെടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച പ്രത്യക്ഷകാരണം മാത്രമേ അന്നു മനസ്സിലായുള്ളൂ..... കവിയുടെ ജീവിതവീക്ഷണത്തിന്റെ ഒരു പൊടി ആ കവിതയിലുണ്ട് എന്നു വിചാരിച്ചിരിക്കാം.

"ക്ഷുദ്രതേ, സമുദായനീതി തൻ കുപ്പായത്തിൽ

ഭദ്രമായ് നിവസിയ്ക്കും കാപട്യപാരമ്യമേ

നീയെന്നെച്ചതച്ചരച്ചീടുവാൻ വെമ്പിക്കോളൂ

സ്വീയമാം നൈഷ്ഠൂര്യത്താൽ പ്രതികാരാന്ധ്യത്താലും

വിജിഗീഷുവായ്ശ്ശീർഷംപൊക്കി നിന്നിടുമെന്നും

ഗജതുല്യമെന്നന്തർന്നിഷ്ഠതൻ സഹിഷ്ണുത"

എന്ന എന്റെ വരികളിൽ ചങ്ങമ്പുഴയുടെ

"കപടലോകത്തിലാത്മാർത്ഥമായൊരു

ഹൃദയമുണ്ടായതാണെൻ പരാജയം'

എന്ന ഈരടിയുടെ അനുരണനമുണ്ടായിരുന്നു.

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ അക്കാലത്ത് 'മോഹിനി' എന്ന ചങ്ങമ്പുഴയുടെ കവിത

പ്രസിദ്ധീകരിച്ചിരുന്നു. അതേപറ്റി ചങ്ങമ്പുഴയ്ക്കെതിരെ വളരെ നിശിതമായി സഞ്ജയനും കുട്ടികൃഷ്ണമാരാരും വിമർശനം ഉയർത്തിയിരുന്നു. അതിൽ മനംനൊന്ത് അക്കിത്തം ചങ്ങമ്പുഴയ്ക്ക് കത്തയച്ചു. മടക്കത്തപാലിൽ തന്നെ അതിനു മറുപടിയും എത്തി. അക്കിത്തം ഓർമ്മയിൽ നിന്നുദ്ധരിച്ച മറുപടിയിതാണ്; "അരുത്. സഞ്ജയനേയും മാരാരേയും തൊട്ടുപോകരുത്. അവർ സൈ്വരമായി സഞ്ചരിക്കട്ടേ. സഞ്ജയനും മാരാരും അനശ്വരാത്മാക്കളാണ്. അവരാൽ ആക്രമിക്കപ്പെട്ടപ്പോൾ ഞാൻ ധന്യനായി. അനശ്വരനായി. ഞാനാ ഗുരുനിർവിശേഷന്മാരുടെ വാത്സല്യത്തിനു മുമ്പിൽ നമസ്കരിക്കുകയാണ് ചെയ്യുന്നത്". തുടർന്ന് അക്കിത്തം എഴുതുന്നു. "അതെന്നെ ചിന്തിപ്പിച്ചു. വികസിപ്പിച്ചു. ഇന്നെനിക്ക് എത്ര കടുത്ത നിരൂപണത്തെയും പുഞ്ചിരിയോടുകൂടി നേരിടാൻ കഴിയുന്നുണ്ടെങ്കിൽ അതിനു മുഖ്യകാരണം ചങ്ങമ്പുഴയുടെ ആ കത്താണ്."

ഇതേപറ്റി ഇത്രയും വിസ്തരിച്ചത് അക്കിത്തം കടന്നുവന്ന വഴികളെയും ഊന്നിനില്ക്കുന്ന സാഹിതീപാരമ്പര്യത്തെയും അല്പമൊന്ന് അറിയുന്നതിനു വേണ്ടിയാണ്. കവിത എന്ന നിത്യസത്യത്തിലായിരുന്നു അക്കിത്തം പിടിയുറപ്പിച്ചത്. ബാഹ്യജീവിതത്തിലെ സങ്കല്പവ്യതിയാനങ്ങളെ അപഗ്രഥിക്കുമ്പോൾ കവിത എന്ന ആന്തരികവസ്തുതയിൽ പിടിയുറപ്പിക്കുവാനേ സഹൃദയർ മുതിരേണ്ടതുള്ളൂ എന്നതായിരിക്കും പഥ്യാലോചന.

കവിതയിലും സങ്കല്പവ്യതിയാനമില്ലേ എന്ന ചോദ്യമായിരിക്കും പിന്നെ സഹൃദയരിൽനിന്ന് ഉയരുക. പ്രതിദിനഭിന്നമാർഗേണയുള്ള ജീവിതയാഥാർത്ഥ്യത്തെയാണ് അഭിമുഖീകരിച്ചതെങ്കിലും കവിക്ക് തന്റേതായ നിലപാടുതറ ഉണ്ടായിരുന്നു. അവിടെയെല്ലാം മാനവികതയുടെ ഒരുതലം ദീപ്തി ചൊരിഞ്ഞതും ദൃശ്യമാണ്. അക്കിത്തത്തിന്റെ കവിത വൈഖരീലഹരിയായി പരിണമിച്ചു എന്നതല്ലേ വസ്തുത. ഭൂതകാല മർദ്ദനത്തിന്റെ തടവറയിൽ ഇടയ്ക്കിടെയെല്ലാം അദ്ദേഹത്തിന്റെ ധിഷണ കുടുങ്ങിപ്പോയി എന്നത് വസ്തുതയാണ്.

എങ്കിലും ഇന്നത്തെ എഴുത്തുകാർ മനസിലാക്കേണ്ട വലിയ പാഠങ്ങൾ അക്കിത്തം

**1926 മാർച്ച് 18ന് ജനിച്ചൊരാൾ. തൊണ്ണൂറ്റിനാല് വയസു പിന്നിട്ട് ജീവിച്ചു. സംഭവബഹുലമായ ഇരുപതാം നൂറ്റാണ്ടിന്റെ ചുവന്ന ദശകങ്ങളുടെ ഉൾപുളകങ്ങളെ യൗവനം അഭിമുഖീകരിക്കുന്നു.**



നല്കിയിട്ടുണ്ട്. ആധുനിക കവിതയുടെ സംവേദനതലത്തേക്കുറിച്ച് ആരാഞ്ഞപ്പോൾ അക്കിത്തം പറഞ്ഞ വസ്തുത ആർക്കും വിസ്മരിക്കാനാവില്ല. "സ്പഷ്ടമായ ഒരർത്ഥനിവേദനവും സാധിക്കാത്ത, നിഷ്കൃഷ്ടമായ" ഒരു സാമാന്യനിബന്ധനയ്ക്കും വഴങ്ങാത്ത ഒരുതരം കൃതികൾ മലയാളകവിതയിൽ ഉണ്ടായിട്ടുണ്ട്.... അവ നമ്മുടെ സംവേദനതലത്തിൽ വികാസവും സങ്കോചവും സൃഷ്ടിച്ചിട്ടുണ്ട്." വികാസം എന്ന് ഇവിടെ ഉദ്ദേശിച്ചത് വ്യാകരണ വൃത്താലങ്കാരാദിശാസ്ത്രങ്ങൾ പ്രയോഗിച്ചാൽ കവിതയാകും എന്ന ധാരണയെ അവ പിടിച്ചുകുലുക്കി എന്നതാണ്. കവിഹൃദയത്തിലുണ്ടാകുന്ന അപൂർവാനുഭൂതിയുടെ ചന്തം അനുവാചകരിലേക്ക് പകരാൻ കഴിയാതിരിക്കലാണ് സങ്കോചം എന്ന് വിവക്ഷിച്ചത്. നമ്മുടെ കവികൾ ചെന്നകപ്പെട്ട ആത്മാവിഷ്കാരപ്രതിസന്ധിയിലേക്ക് അക്കിത്തം വെളിച്ചം വീശിയത് വളരെ സൂക്ഷ്മമമായാണ്. അതു വെട്ടിത്തുറന്നു പറയാൻ അദ്ദേഹം ശങ്കിച്ചില്ല. ആശ്രിതവാത്സല്യരൂപേണ നേതാവാകുന്നതുപോലെ മതാത്മീയവ്യവഹാരിയാകുന്നതുപോലെ എളുപ്പവഴികളൊന്നും കവിയാകാനില്ല. കവിയാകാതിരിക്കുവാനുള്ള ആത്മാന്വേഷണമാണ് ആവശ്യം. അക്കിത്തം എഴുതിയത് ഇവിടെ ഓർക്കാവുന്നതാണ്.

"കവിയാകണമെങ്കിലെന്തു ചെയ്യണമെന്നോ
കവിയാവണമെന്നു മോഹിക്കാതിരിക്കണം."

ആർ.രാമചന്ദ്രൻ കവിയാവണമെന്നു മോഹിക്കാതെയിരുന്നിട്ടും കവിയായിത്തീർന്ന കവിയാണെന്ന് അക്കിത്തം രേഖപ്പെടുത്തിയിട്ടുണ്ട്. അക്കിത്തം എന്ന മഹാകവി ആർജ്ജിച്ച അനുഭവസത്യങ്ങളുടെ സമസ്തതലങ്ങളിലൂടെയും കടന്നുപോകാതെ നടത്തുന്ന വിധിപ്രസ്താവങ്ങളാണ് ഇന്നധികവും. മറ്റു ചിലർ പാടിപുകഴ്ത്തുന്നതിലും രമിക്കുന്നു. ഇതൊരുതരത്തിൽ ആത്മവഞ്ചനയാണ്. നിശ്ചയമായും കവി വിമർശനവിധേയനാണ്. സംഭവബഹുലമായ ജീവിതവും സങ്കല്പവ്യതിയാനവും ഉള്ളതുകൊണ്ട് നിശ്ചയമായും വിമർശനത്തിന്റെ തോതും ഉയരുക സ്വാഭാവികം. എങ്കിലും വസ്തുതകളിൽ ഊന്നിയാകണം സഹൃദയന്റെ നില്പ്.

'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം', 'പണ്ടത്തെ മേശ്ശാന്തി' തുടങ്ങിയ അനശ്വര കൃതികളെല്ലാം മനസ്സിലുലാവുന്നുണ്ടെങ്കിലും ഒരു കാര്യം ഊയുള്ളവനു എത്ര ആലോചിച്ചിട്ടും പിടിയികിട്ടിയിട്ടില്ല. ആർ.എസ്.എസ്.നോട് അദ്ദേഹത്തിനുള്ള ആകർഷണമാണത്. കാരണം, അദ്ദേഹം തുടങ്ങിയത് സമുദായനീതിക്കുവേണ്ടിയുള്ള സഹോദരിമാരുടെ കണ്ണീരു കണ്ടിട്ടാണ്. 'തൊഴിൽ കേന്ദ്രത്തിലേക്ക്' എന്ന നാടകത്തിന് അദ്ദേഹം 1948ൽ എഴുതിയ ആസ്വാദനം എന്റെ മനസ്സിലുണ്ട്. ഉണ്ണിനമ്പൂതിരി മാസികയിൽ (1123 ധനു 30) അദ്ദേഹമെഴുതിയത് ഇങ്ങനെ; "നമ്പൂതിരിസ്ത്രീ ഒരു തടവിൽ കിടക്കുന്ന തേങ്ങിക്കരച്ചിലായിരുന്നു. സമുദായ പ്രസ്ഥാനത്തിന്റെ വളർച്ചയോടുകൂടി അവളൊരു സഞ്ചരിക്കുന്ന സംഗീതമായി മാറാൻ തുടങ്ങി. വെറും സഞ്ചരിക്കുന്ന സംഗീതമാകുന്നതുകൊണ്ട് അവൾ തൃപ്തിപ്പെടുന്നില്ലെന്നു പാഴൂർ സമ്മേളനത്തിൽ വെച്ചു നാം കണ്ടു. ആ അതൃപ്തിയുടെ ജിജ്ഞാസയുടെ ആ ആവേശത്തിന്റെ പ്രവർത്തനമാണു പെരുമനത്തുവെച്ച് അവളെ മുഴങ്ങുന്ന കാഹളമാക്കി മാറ്റിയത്." പഴമയുടെ നേർക്കുള്ള ഒരു പടവാളായി അക്കാലം നമ്പൂതിരിസ്ത്രീയെ മാറ്റിയെങ്കിൽ ആർ.എസ്.എസ്.ന്റെ സ്ത്രീയോടുള്ള സമീപനം എന്താണ്? അതേക്കുറിച്ച് ഇവിടെ വിശദീകരിക്കേണ്ടതില്ല. അടുത്തകാലത്ത് ഉണ്ടായ അവരുടെ നേതാവിന്റെ പ്രസ്താവനകളിലും സ്ത്രീകളെ രണ്ടാംതരക്കാരായിക്കാണുന്ന സമീപനത്തിന് മാറ്റമില്ല എന്നു സുവ്യക്തമാണ്. ഹിംസയോടുള്ള സമീപനത്തിലും ഈ പക്ഷപാതിത്തമുണ്ട്. ബാബറി മസ്ജിദ് പൊളിച്ച കർസേവ മുതൽ നാളിതുവരെ സംഘിഹിന്ദുഫാസിസ്റ്റ് ശക്തികൾ അനുഷ്ഠിച്ച ഹിംസയുടെ നാനാവിധ രൂപങ്ങളും ഇന്ത്യൻ പൗരന്റെ മനസ്സിലുണ്ട്. ഇതെല്ലാം വെച്ചു മാത്രമേ ഈ വരികൾ വായിക്കാനാകൂ എന്നതാണ് സമകാലികവായനയുടെ പരിമിതി എന്നു മാത്രം ഓർമപ്പെടുത്തട്ടേ.

"ഒരു കണ്ണീർക്കണം മറ്റു-
ള്ളവർക്കായ് ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവി-
ലായിരം സൗരമണ്ഡലം.

ഒരു പുഞ്ചിരി ഞാൻ മറ്റു-
ള്ളവർക്കായ് ച്ചെലവാക്കവേ
ഹൃദയത്തിലുലാവുന്നു
നിത്യനിർമ്മല പൗർണമി."

കഥ

# വർണ്ണപ്പെയ്ത്ത്



ഏറെനാളത്തെ അലച്ചിലിനും കാത്തിരിപ്പിനും ശേഷം ഇന്ന് കോടതിയിൽനിന്നും വിധിവന്നു. അവർ രണ്ടുപേരുടെയും ജോയിന്റ് ഡിവോഴ്സ് അപേക്ഷ കോടതി അംഗീകരിച്ചിരിക്കുന്നു.

കോടതി ഉത്തരവ് കൈപറ്റിയതിനുശേഷം അയാൾ നേരെ പോയത് താൻ നടത്തുന്ന പുതിയ മോട്ടിവേഷൻ സെന്ററിലേക്കാണ്. 'ദാമ്പത്യ ജീവിതത്തിൽ ഭാര്യാ ഭർത്താക്കൻമാർക്ക് എങ്ങനെ പരസ്പര പൂരകങ്ങളാകാം' എന്ന കോഴ്സിലേക്ക് നൂറുകണക്കിന് ദമ്പതിമാർ പേരുകൾ റെജിസ്റ്റർ ചെയ്ത് അവിടെ അയാളെ കാത്തിരിക്കുന്നുണ്ടായിരുന്നു.

അവൾ നേരെ ടൗണിലെ പെയിന്റ് കടയിലേക്കാണ് പോയത്. ഒരു ഓട്ടോ നിറയെ വിവിധ വർണ്ണങ്ങളിലുള്ള പെയിന്റുകളും ബ്രഷ് അടക്കമുള്ള മറ്റ് സാമഗ്രികളുമായാണ് അവൾ തിരിച്ചുവന്നത്.

കിടപ്പുമുറിയിലെത്തി അവൾ തന്റെ തടവുവേഷങ്ങൾ ഊരിയെറിഞ്ഞു. കോളേജുകാലത്ത് താൻ വളരെയേറെ ഇഷ്ടപ്പെട്ടിരുന്ന ആ നിറമുള്ള വസ്ത്രങ്ങൾ അലമാരയുടെ ഏതോ ഒരു കോണിൽ അവളെയും കാത്തിരിപ്പുണ്ടായിരുന്നു.

പിന്നെ, അവൾ പെയിന്റ് ടിന്നുകൾ ഓരോന്നായി പൊട്ടിച്ചു.

നിറം മങ്ങി നരച്ചുപോയ അടുക്കളച്ചുമരുകളിൽ നിന്നായി തുടക്കം. ഓരോ ചുവരിനും ഓരോരോ വർണ്ണങ്ങൾ... പിന്നെ ഓരോരോ മുറികൾ... പലപല നിറമുള്ള ശലഭങ്ങൾ ഓരോ ചുവരുകളിൽ നിന്നും പറന്നു വന്ന് ശൂന്യമായിരുന്ന അവളുടെ മനസ്സിൽ പൊട്ടിമുളച്ച ഓരോ ചെടിത്തുമ്പിലും ഓരോ പൂവിതളിലും തത്തിക്കളിച്ചു.

മുറികളെല്ലാം പലവിധ നിറങ്ങളാൽ അവളെനോക്കി പുഞ്ചിരിച്ചു. അവൾ മെല്ലെ മുറ്റത്തേക്കിറങ്ങി. ആകാശം പതിവിലും വിപരീതമായി പഞ്ഞിമേഘക്കെട്ടുകൾ കൊണ്ട് നിറഞ്ഞിരുന്നു.

ചായക്കൂടുകൾ ഓരോന്നായി അവൾ മുന്നിൽ നിരത്തിവെച്ചു. ഒരുനിമിഷം എന്തോ ഓർത്തവൾ ആകാശത്തേക്കു നോക്കി നിന്നു. പിന്നെ, പതുക്കെപ്പതുക്കെ അവളുടെ കൈവിരലുകൾ ആകാശത്തേക്കു ഉയർന്നു ചലിച്ചു തുടങ്ങി.

അന്നാദ്യമായി ഒരുകൂട്ടം മഴമേഘത്തുമ്പികൾ പേരറിയാ വർണ്ണങ്ങളുമായി അവളുമേൽ ആഴത്തിൽ പെയ്തിറങ്ങി.



**എ. കെ. അനിൽകുമാർ**

# ട്രംപോ ബൈഡനോ ?





ഫ്രാങ്കോ ലൂയിസ്

**ലോ**കം ഉറ്റു നോക്കുകയാണ്, അമേരിക്കയിലെ ജനവിധി. നവംബർ മൂന്നിനു ചൊവ്വാഴ്ചയാണു തെരഞ്ഞെടുപ്പ്. ദശാബ്ദങ്ങളായി ലോകപോലീസായും ലോകത്തിന്റെ ഖജനാവായും വാഴുന്ന അമേരിക്ക നിർണയിക്കുന്നത് അമേരിക്കയുടെ മാത്രം ഭാഗധേയമല്ല, ലോകത്തിന്റേകൂടിയാണ്.

ഇറാനിലെ സൈനിക മേധാവിയെ മിസൈൽ ആക്രമണത്തിലൂടെ കൊന്നും ചൈനയ്ക്കെതിരേ പോരാട്ടം നയിച്ചും ദശാബ്ദ

**പ്രസിഡന്റു തെരഞ്ഞെടുപ്പിനു മുന്നോടിയായുള്ള മൂന്നു സംവാദങ്ങളിലും ട്രംപിന്റെ പെർഫോമൻസ് കണ്ട ജനത്തിന് ഒരു പരിധിവരെ അമേരിക്കൻ ധാർഷ്ട്യം ഇഷ്ടമാണ്. എന്നാൽ വീണ്ടും ജയിച്ചാൽ ട്രംപിനെ സഹിക്കാനാവില്ലെന്നു കരുതുന്നവരുടെ എണ്ണം വർധിച്ചെന്നാണ് രഹസ്യാന്വേഷണ റിപ്പോർട്ട്.**

ങ്ങൾ നീണ്ട ഇസ്രയേൽ -അറബ് ശത്രുതയിൽ ഐസിട്ട് സന്ധിയുണ്ടാക്കിയും ജൈത്രയാത്ര നടത്തിയ അമേരിക്കൻ പ്രസിഡന്റും വ്യവസായിയുമായ ഡൊണാൾഡ് ട്രംപിനു രണ്ടാമൂഴം കിട്ടുമോ? കോവിഡ് നിയന്ത്രണത്തിലെ വീഴ്ചകളിൽ നിന്നു തലയൂരാൻ ഒടുവിൽ കോവിഡ് രോഗി ചമഞ്ഞു നടത്തിയ നാടകം ലോകം കണ്ടതാണ്. കോവിഡ് മരണത്തിലും രോഗവ്യാപനത്തിലും അമേരിക്കയെ ഒന്നാം സ്ഥാനത്ത് എത്തിച്ചതു സംബന്ധിച്ച ചോദ്യങ്ങൾക്കു ട്രംപിനു മറുപടിയില്ല. നികുതി വെട്ടിപ്പു സംബന്ധിച്ച പ്രചാരണങ്ങൾക്കും വ്യക്തമായ മറുപടി ഉണ്ടായില്ല.

ഹൂസ്റ്റണിലെ ഹൗഡി മോഡി മെഗാ കൺവൻഷനിൽ ട്രംപിന് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി പിന്തുണയും ആശംസയും നേർന്നെങ്കിലും പിന്നീട് ട്രംപ് പാക് വിഷയത്തിൽപോലും ഇന്ത്യയെ പിന്തുണച്ചും തള്ളിപ്പറഞ്ഞും നിലപാടെടുത്തിരുന്നു. ഒടുവിൽ തെരഞ്ഞെടുപ്പു പ്രചാരണത്തിനിടെ ഇന്ത്യയിലെ വായു മലിനമാണെന്നും ആക്ഷേപിച്ചു. ട്രംപിന്റെ പ്രസ്താവനയ്ക്കെതിരെ ഡെമോക്രാറ്റിക് പാർട്ടി പ്രസിഡന്റ് സ്ഥാനാർഥി ജോ ബൈഡൻ രംഗത്തുവന്നു. ആഗോളപ്രശ്നങ്ങളെക്കുറിച്ച് ട്രംപിന് ശരിയായ ധാരണ ഇല്ലെന്നും സുഹൃത്തുക്കളെ കുറിച്ച് ഇങ്ങനെയല്ല പ്രതികരിക്കേണ്ടതെന്നുമായിരുന്നു ബൈഡന്റെ വിമർശനം.

പ്രസിഡന്റു തെരഞ്ഞെടുപ്പിനു മുന്നോടിയായുള്ള മൂന്നു സംവാദങ്ങളിലും ട്രംപിന്റെ പെർഫോമൻസ് കണ്ട ജനത്തിന് ഒരു പരിധിവരെ അമേരിക്കൻ ധാർഷ്ട്യം ഇഷ്ടമാണ്. എന്നാൽ വീണ്ടും ജയിച്ചാൽ ട്രംപിനെ സഹിക്കാനാവില്ലെന്നു കരുതുന്നവരുടെ എണ്ണം വർധിച്ചെന്നാണ് രഹസ്യാന്വേഷണ റിപ്പോർട്ട്.

തെരഞ്ഞെടുപ്പിന്റെ അവസാന ഘട്ടത്തിൽ എതിർ സ്ഥാനാർഥിയും മുൻ വൈസ് പ്രസിഡന്റുമായ ജോ ബൈഡൻ മുന്നിട്ടുനിൽക്കുന്നതായാണ് റിപ്പോർട്ടുകൾ. നോർത്ത് കരോലിന, ഒഹിയോ, വിസ്കോൻസിൻ എന്നിവിടങ്ങളിൽ ശക്തമായ പ്രചാരണമാണ് അവസാന ഘട്ടത്തിൽ നടന്നത്.

നവംബർ മൂന്നിനാണു വോട്ടെടുപ്പെങ്കിലും റിപ്പബ്ലിക്കൻ പാർട്ടി സ്ഥാനാർഥിയായ പ്രസിഡന്റ് ട്രംപ് ഒരാഴ്ച മുമ്പേ വോട്ടു ചെയ്തു. രാവിലെ ഫ്ളോറിഡയിലെ വെസ്റ്റ് പാംബീച്ചിലാണ് ട്രംപ് വോട്ട് ചെയ്തത്.

അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും തിരഞ്ഞെടുക്കുന്നത് യു.എസ് ഇലക്ടറൽ കോളജ് ആണ്. പൗരന്മാർ ബാലറ്റ് വഴി വോട്ടു ചെയ്താണ് ഇലക്ടറൽ കോളജ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. ഇലക്ടറൽ കോളജിൽ ഏതെങ്കിലും പ്രസിഡന്റ് സ്ഥാനാർഥിക്കും വൈസ് പ്രസിഡന്റ് സ്ഥനാർഥിക്കും കേവല ഭൂരിപക്ഷം ലഭിച്ചാൽ തെരഞ്ഞെടുപ്പ് പ്രക്രിയ അവസാനിക്കും. പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്ന ഒരു സ്ഥാനാർഥിക്കും ഭൂരിപക്ഷം ലഭിച്ചില്ലെങ്കിൽ അമേരിക്കയുടെ ജനപ്രാതിനിത്യസഭ പ്രസിഡന്റിനെ തെരഞ്ഞെടുക്കും. വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്ന ഒരു സ്ഥാനാർഥിക്കും ഭൂരിപക്ഷം ലഭിച്ചില്ലെങ്കിൽ സെനറ്റ് വൈസ് പ്രസിഡന്റിനെ തെരഞ്ഞെടുക്കും. പ്രസിഡന്റ് തെരഞ്ഞെടുപ്പ് നാല് വർഷം കൂടുമ്പോഴാണു നടക്കുന്നത്. 1845 മുതൽ നവമ്പർ മാസത്തിലെ ഒന്നാമത്തെ തിങ്കളാഴ്ച കഴിഞ്ഞുള്ള ചൊവാഴ്ചയണ് തെരഞ്ഞെടുപ്പ്.

അമേരിക്കൻ തെരഞ്ഞെടുപ്പിന്റെ പ്രാഥമിക ഘട്ടം ഫെബ്രുവരി മുതൽ ജൂൺ വരെയുള്ള മാസങ്ങളിലായി തുടങ്ങിയതാണ്. തുടർന്ന് ദേശീയ കൺവൻഷനുകളും സംവാദങ്ങളും നടന്നു.

ഇലക്ടറൽ കോളജിൽ അമേരിക്കയിലെ ഓരോ സംസ്ഥാനത്തെയും പ്രതിനിധാനം ചെയ്ത് നിശ്ചിത എണ്ണം (കോൺഗ്രസിലെ അവരുടെ എണ്ണം അനുസരിച്ച്) ഇലക്ടർമാരുണ്ടാകും. 50 സംസ്ഥാനത്തു നിന്നായി 538 ഇലക്ടർമാരാണ് ആകെയുള്ളത്. പൊതുതെരഞ്ഞെടുപ്പിനുശേഷം ഇലക്ടർമാർക്ക് വോട്ടുചെയ്യാം. 270 അല്ലെങ്കിൽ അതിൽക്കൂടുതൽ ഇലക്ടർ വോട്ടു നേടുന്നയാൾ അമേരിക്കൻ പ്രസിഡന്റാകും. പുതിയ പ്രസിഡന്റും വൈസ് പ്രസിഡന്റും ജനുവരിയിൽ സത്യപ്രതിജ്ഞചെയ്ത് അധികാരമേൽക്കും.

ട്രംപിന്റെ റിപ്പബ്ലിക്കൻ പാർട്ടിയുടെ വൈസ് പ്രസിഡന്റ് സ്ഥാനാർഥി മൈക്ക് പെൻസ് ആണ്. ജോ ബൈഡന്റെ ഡെമോക്രാറ്റിക് പാർട്ടി ഇന്ത്യൻ വംശജയായ കമലാ ഹാരിസിനെയാണ് വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കു മൽസരിപ്പിക്കുന്നത്. അമ്മ തമിഴ്നാട്ടുകാരിയായ ശ്യാമള ഗോപാലൻ, അച്ഛൻ ജമൈക്കൻ പൗരൻ ഡൊണാൾഡ് ഹാരിസ്. അഭിഭാഷക. 2017 മുതൽ കാലിഫോർണിയയിൽ സെനറ്റംഗമാണ്.

# രണ്ടിലയും അരിവാളും

ജോസ് കെ. മാണിയുടെ കേരള കോൺഗ്രസിനെകൂടി ഉൾപെടുത്തി ഇടതു മുന്നണി വികസിപ്പിച്ചുകൊണ്ട് കേരളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിലേക്കു പ്രവേശിക്കുകയാണ്.

സ്വപ്നയും സ്വർണക്കള്ളക്കടത്തും അടക്കമുള്ള വിവാദങ്ങൾ ആളിക്കത്തിച്ചാൽ വോട്ടർമാർ എൽഡിഎഫിനെതിരേ വിധിയെഴുതുമെന്നാണു യുഡിഎഫിന്റെ പ്രതീക്ഷ. കോവിഡ് നിയന്ത്രണങ്ങളും വികസന പ്രവർത്തനങ്ങളും വോട്ടാക്കാമെന്ന് എൽഡിഎഫ് മോഹിക്കുമ്പോൾ കോവിഡിലെ അടച്ചിടലുകളും ആശുപത്രികളിലെ അരാജകത്വവും വികസനത്തിലെ അഴിമതിയും വടിയാക്കാനാണ് യുഡിഎഫിന്റെ നീക്കം. രണ്ടിലയുമായി നടക്കുന്ന ജോസിന്റെ കേരള കോൺഗ്രസ് അരിവാളിൽ വോട്ടുകുത്തുമോ? കണ്ടറിയണം.

തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചുകൊണ്ട് അടുത്ത ദിവസംതന്നെ വിജ്ഞാപനം പുറത്തുവരും. ഡിസംബർ പകുതിയോടെയെങ്കിലും വോട്ടെടുപ്പു നടത്തി പുതുവർഷത്തിനു മുമ്പേ പുതിയ ഭരണസമിതികൾ നിലവിൽ വരുത്താനുള്ള ക്രമീകരണങ്ങളാണു പുരോഗമിക്കുന്നത്.

കോവിഡ് പശ്ചാത്തലത്തിൽ തെരഞ്ഞെടുപ്പു പ്രചാരണത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പത്രികാ സമർപ്പണത്തിന് സ്ഥാനാർത്ഥി ഉൾപ്പടെ മൂന്നു പേർ മാത്രമേ ആകാവൂവെന്ന് തെരഞ്ഞെടുപ്പു കമ്മീഷൻ. ഹാരം, ബൊക്കെ, നോട്ടുമാല, ഷാൾ എന്നിവയ്ക്കു വിലക്ക്. ഭവന സന്ദർശനത്തിന് സ്ഥാനാർത്ഥി ഉൾപ്പടെ അഞ്ചു പേർ മാത്രമേ പങ്കെടുക്കാവൂ. റോഡ് ഷോ, വാഹനറാലി എന്നിവയ്ക്ക് മൂന്നു വാഹനങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. പ്രചാരണത്തിന് സോഷ്യൽ മീഡിയയെ ഉപയോഗിക്കണം. കൊട്ടിക്കലാശത്തിനും വിലക്ക്. പ്രചാരണ ജാഥകൾ ഒഴിവാക്കണമെന്നും നിർദ്ദേശമുണ്ട്. വോട്ടർപട്ടികയിൽ പേരു ചേർക്കാനുള്ള ഒക്ടോബർ 31 വരെ അവസരം നൽകിയിരുന്നു.

കേരള കോൺഗ്രസ് ജോസ് വിഭാഗം വിട്ടുപോയതിന്റെ ക്ഷീണം തീർക്കാനാണോ യുഡിഎഫ് നേതാക്കൾ വെൽഫെയർ പാർട്ടിയുമായി രഹസ്യ ചർച്ച നടത്തിയതെന്ന വിവാദം അണഞ്ഞിട്ടില്ല. ധാരണയുണ്ടാക്കിയെന്ന് വെൽഫെയർ പാർട്ടി സംസ്ഥാന അധ്യക്ഷൻ ഹമദ് വാണിയമ്പലമാണു വെളിപ്പെടുത്തിയത്. എന്തായാലും പ്രാദേശിക സഖ്യങ്ങളും നീക്കുപോക്കുകളും ഉണ്ടാക്കുമെന്ന് രമേശ് ചെന്നിത്തല വ്യക്തമാക്കി. ഏതൊക്കെ സഖ്യം വേണമെന്ന് പ്രാദേശിക ഘടകങ്ങൾ തീരുമാനിക്കുമെന്നാണു ചെന്നിത്തലയുടെ നിലപാട്.

മേയ് മാസത്തോടെ നിയമസഭയിലേക്കും തെരഞ്ഞെടുപ്പു നടക്കാനിരിക്കുകയാണ്. നിയമസഭാ തെരഞ്ഞെടുപ്പിന്റെ സാമ്പിൾ വെടിക്കെട്ടാണ് അടുത്ത മാസം നടക്കാനിരിക്കുന്ന നഗരസഭാ പഞ്ചായത്ത് തെരഞ്ഞെടുപ്പ്.

ബിഹാറിൽ നിയമസഭയിലേക്കു ജനവിധി പത്താം തീയതി അറിയാം. ഒക്ടോബർ 28 ന് ആദ്യഘട്ട പോളിംഗ് നടന്നു. ഇനി നവംബർ മൂന്നിനും ഏഴിനുമാണു വോട്ടെടുപ്പ്. ബിജെപി പിന്തുണയോടെ വീണ്ടും മുഖ്യമന്ത്രിക്കസേരയിലേക്കു കാലുനീട്ടിയിരിക്കുന്ന നിതീഷ്കുമാറിനു പണ്ടത്തെ ജനപിന്തുണ ഇല്ലെന്നാണ് പിന്നാമ്പുറ സംസാരം.

കേരളത്തിനു പുറമേ, തമിഴ്നാട്, ബംഗാൾ, കാഷ്മീർ എന്നീ സംസ്ഥാനങ്ങളിൽ ആറു മാസത്തിനകം വോട്ടെടുപ്പു നടക്കും.

കഥ






ജിൻഷ ഗംഗ

# ഓർമയിൽ മാത്രം

'ഓർമയിൽ മാത്രമായി അവശേഷിപ്പിക്കേണ്ടി വരുന്ന ഒത്തിരി മുഖങ്ങൾ അനേക നിമിഷങ്ങൾ.. മറവിയുടെ പടിവാതിൽ കടക്കാൻ അവയെ അനുവദിച്ചാൽ നാം വിഭ്രാന്തിയിൽ ഉരുകും. മരണമെന്ന സത്യം മാത്രമല്ല. ജീവിതം എന്ന മിഥ്യയും ചിലപ്പോഴൊക്കെ മറവിയുടെ വരണ്ട ഭൂമിയിലേക്ക് നമ്മളെ എത്തിക്കും. കലഹരണത്തിൽ എന്റെയീ അക്ഷരങ്ങളും വിസ്മൃതിയിലാണ്ടു പോയേക്കാം..... '

വിവേക് പേന താഴെ വച്ചു. എഴുതിയതൊക്കെയും ഒന്ന് കൂടി വായിച്ചു നോക്കി. അനുവാദം കൂടാതെ ഒരു ഇളംകാറ്റ് മുറിക്കകത്തേക്ക് വന്നു. തന്റെ തലമുടികളെ ആ കാറ്റ് ഉമ്മ വച്ചിരുന്നെങ്കിൽ എന്നയാൾ മോഹിച്ചു. ഓഹ്, അതിനു തനിക്കെവിടെ മുടി? അയാൾ തന്റെ മൊട്ടത്തലയിലൂടെ കൈവിരലുകളോടിച്ചു. എന്തൊരു ആർത്തിയാണ് കീമോതെറാപ്പിക്ക് ഒരു മുടിയിഴ പോലും ബാക്കി വയ്ക്കാതെ വിഴുങ്ങിക്കളഞ്ഞു!

ക്യാൻസർ സെന്ററിന്റെ ഇടനാഴികളിലൂടെ അയാൾ നടന്നു. രോഗികളെക്കാളും അയാളുടെ മനസ്സിനെ കുത്തിക്കീറുന്നത് കൂട്ടിരിപ്പുകാരുടെ മുഖങ്ങളാണ്. എന്തെങ്കിലുമൊരു അത്ഭുതത്തിനായി കാത്തിരിക്കുന്ന വിചിത്രജീവികൾ. കണ്ണുകളെയും, ഹൃദയത്തെയും ഇത്രയും മടുപ്പിക്കുന്ന മറ്റൊരു സ്ഥലമില്ല എന്നത് വിവേക് പണ്ടേ തിരിച്ചറിഞ്ഞതാണ്. വായിലും, തലയിലും അർബുദം കാർന്നു തിന്നുന്ന ഓരോ അണുവിലും എരിഞ്ഞടങ്ങാൻ വിധിക്കപ്പെട്ട ജന്മങ്ങൾ വിവേകിനെ നോക്കി ചിരിക്കാൻ ശ്രമിച്ചു. മുലയൂട്ടിയ മാറിടം മുറിച്ചു കളയേണ്ടി വന്ന ഒറ്റമുലച്ചികളിലെല്ലാം വറ്റാത്ത മാതൃവാത്സല്യത്തിന്റെ പാൽ ചുരത്തുന്നത് പോലെ.. താനിവിടെ വന്നതിനു ശേഷവും എത്രയോ പുതിയ ആൾക്കാർ വന്നു. ദൈവത്തിന്റെയോ, അതോ വിധിയുടെയോ ആ

രുടെയൊക്കെയോ കൈ പിടിച്ചു ഇവിടെ നിന്ന് ജീവിതത്തിലേക്ക് മടങ്ങി പോകുന്നവരുമുണ്ട്. അവരൊന്നും ഒരിക്കലും മറ്റുള്ളവരോട് യാത്ര പറയാൻ നിൽക്കില്ല. മരണത്തിനും ജീവിതത്തിനും ഇടയിലുള്ള ഊഷര ഭൂമിയുടെ അടിത്തട്ടിൽ ജീവിക്കുന്നവരാണ് അവർ, ജീവിതത്തിലേക്ക് തിരിച്ചു പോകുന്നവർ, അവരോട് എന്ത് യാത്ര പറയാൻ. വിവേക് അവർക്കിടയിലൂടെ നടന്നു.

'വിവേക്..'

ഡോക്ടർ മനു മോഹൻ .. വിവേക് ഡോക്ടറുടെ മുഖത്തു നോക്കി സ്വതസിദ്ധമായി പുഞ്ചിരിച്ചു.

'എന്താടോ.. സായാഹ്നസവാരിക്ക് ഇറങ്ങിയതാണോ '

'നല്ല സ്ഥലം... ലോകത്തെ എത്ര വലിയ അഹങ്കാരിയും ഒന്ന് തല താഴ്ത്തി പോകുന്ന ഇവിടെ തന്നെയാണ് സായാഹ്നസവാരി നടത്തേണ്ടത്, അല്ലെ ഡോക്ടർ '

ഡോക്ടർ വിവേകിന്റെ മുഖത്തേക്ക് നോക്കി. ഇവിടേക്ക് ആദ്യമായി വരുമ്പോൾ ഉണ്ടായിരുന്ന സുമുഖനായ ചെറുപ്പക്കാരനല്ല. നീര് വന്നു വീർത്ത വയറും, ഒട്ടിയ കവിളുകളും, ആശ വറ്റിയ കണ്ണുകളും, ... കീമോയും മറ്റു മരുന്നുകളും എത്ര പെട്ടന്നാണ് ഇയാളെ മധ്യവയസ്കനാക്കി മാറ്റിയത്.. ക്യാൻസർ രോഗികളിലെ ഈ രൂപമാറ്റം സ്വാഭാവികമാണെങ്കിലും വിവേകിനെ പോലൊരാൾ...

' ഡോക്ടർ ഞാൻ പറഞ്ഞത്... '

ഡോക്ടർ അയാളുടെ മുഖത്തു നോക്കി പുഞ്ചിരിച്ചു. വയറ്റിൽ മുഴുവൻ അർബുദം വേരോടി കഴിഞ്ഞു. ഫൈനൽ സ്റ്റേജ് ആണ്. മരണം എന്നാണെന്നു മാത്രമേ അറിവില്ലാതുള്ളൂ. അതൊക്കെ വിവേകിനും അറിയാം. പക്ഷെ വിവേക് മുന്നോട്ട് വച്ച ആവശ്യം...

' ഉം.. എ ഹാപ്പി ന്യൂസ് ഫോർ യു.. നാളെ വിവേകിന് വീട്ടിലേക്ക് പോകാം '

' ഡോക്ടർ...... '

വിവേകിന്റെ കണ്ണുകളിൽ അവിശ്വനീയതയുടെ അമ്പരപ്പ്. ഈ ചെറുപ്പക്കാരൻ മറ്റു രോഗികളെപോലെ ഇവിടെ കിടന്ന് മരിക്കേണ്ടതല്ല. പോകട്ടെ, ശാന്തമായി അയാളുടെ ആഗ്രഹം പോലെ വീട്ടിലേക്ക് പോകട്ടെ. അവിടെ സ്വസ്ഥമായി ജീവൻ വെടിയട്ടെ.

ഡോക്ടർ വിവേകിന്റെ പുറത്ത് തട്ടി.

' കൂട്ടുകാരനെ വിളിച്ചിട്ട് രാവിലെ വരാൻ പറഞ്ഞോളൂ. '

വിവേകിന്റെ കണ്ണുകൾ നിറഞ്ഞു.

പിറ്റേന്നു ഡോക്ടർമാരോട് വിവേക് യാത്ര പറഞ്ഞു.ഒരുപക്ഷെ ഇനിയൊരിക്കലും ഈ മിടുക്കനായ ചെറുപ്പക്കാരനെ നേരിൽ കാണില്ലെന്നോർത് പലരുടെയും കണ്ണ് നിറഞ്ഞു. അവിടെ എത്തിയപ്പോൾ മുതൽ വിവേക് അവർക്കെല്ലാം പ്രിയപ്പെട്ടവനായി മാറിയിരുന്നു. ഇത്രയും കഴിവുകൾ ഉള്ള ചെറുപ്പക്കാരന്റെ ദുർവിധി ദൈവങ്ങൾക്ക് അസൂയ തോന്നിയതിന്റെ ഫലമാകുമെന്ന് അവർ വിശ്വസിച്ചു .

' എന്റെ അടുക്കലേക്ക് നിങ്ങൾ ആരും ഉടനെ വരില്ല. ഭേദമാകാത്ത മഹാരോഗം ഒന്നുമല്ല. മാറും. നിങ്ങളുടെ ആത്മവിശ്വാസവും പ്രാർത്ഥനയും മതി '

പോകാൻ നേരം വിവേക് ഓരോ രോഗികളോടും പറഞ്ഞത് ഇത് മാത്രമായിരുന്നു. കരിങ്കല്ലിനു ഹൃദയമില്ലെന്ന് എഴുതുമ്പോഴും ക്യാൻസർ വാർഡിലെ ഓരോ ചുമരും, മൺതരികളുമൊക്കെ കരയാറുണ്ടെന്ന് വിവേകിനറിയാമായിരുന്നു. പടിയിറങ്ങുമ്പോൾ അവയുടെ തേങ്ങൽ വിവേകിന്റെ കാതുകളിൽ മുഴങ്ങി.

മാസങ്ങൾക്ക് ശേഷം വീടിന്റെ മുറ്റത്തൂടെ നടക്കുമ്പോൾ വിവേകിന്റെ മനസ്സ് ശാന്തമായിരുന്നു. മുറ്റത്തെ കോണിൽ മായ നട്ട റോസാ ചെടി കരിഞ്ഞുണങ്ങിയത് നിലാവിന്റെ നേരിയ വെട്ടത്തിൽ വിവേക് കണ്ടു. മായയും താനും കൂടി നട്ടുവളർത്തിയ ചെടികളൊക്കെയും കരിഞ്ഞു. തങ്ങളുടെ ജീവിതം പോലെ. വിവേകിന്റെ ചിന്തകൾ ഓർമ്മകളുടെ ഏടിനെ പിന്നിലേക്ക് മറിച്ചു.

അനാഥാലയത്തിൽ അച്ഛനാരെന്നും അമ്മയാരെന്നും അറിയാതെ വളർന്നതാണ് താൻ. പത്താം വയസ്സിൽ അമ്മയുടെ മരണശേഷം ആരോരുമില്ലാതെ അനാഥാലയത്തിലെത്തിയ മായ പിന്നങ്ങോട്ട് തന്റെ എല്ലാമാവുകയായിരുന്നു. നന്നായി പഠിക്കുമായിരുന്ന രണ്ടാളും എഞ്ചിനീറിങ് കോളേജിലും ഒന്നിച്ചു ചേർന്നു, ജോലി ലഭിച്ചതിൽ പിന്നെ, അനാഥാലയത്തിൽ വച്ചു തന്നെ താലികെട്ട് നടത്തി.

ചെറുതാണെങ്കിലും സ്വന്തമായി ഒരു വീടെടുത്തു മാറി. വരയ്ക്കുന്നതിലും, എഴുതുന്നതിലും തനിക്കുള്ള ഇഷ്ടവും കഴിവും മായ പ്രോത്സാഹിപ്പിച്ചു കൊണ്ടിരുന്നു. വരച്ച ചിത്രങ്ങളൊക്കെ ഓൺലൈൻ വഴിയും മറ്റും മായ ആൾക്കാരിലെത്തിച്ചതോടെ പ്രശസ്തി വർദ്ധിച്ചു വന്നു. ചിത്രങ്ങൾ വിറ്റു കിട്ടുന്ന പണം അനാഥാലയത്തിലേക്ക് എത്തിക്കാറുണ്ടായിരുന്നു. പുസ്തകങ്ങളും പ്രസിദ്ധീകരിക്കണമെന്നും, അനാഥാലയത്തിലേക്ക് കൂടുതൽ വരുമാനം എത്തിക്കണമെന്നും ഒക്കെയായിരുന്നു സ്വപ്നം കണ്ടത്. കൂടുതൽ എഴുത്തുകാരെയും, കലാകാരന്മാരെയും കൂട്ടി കേരളത്തിലെ അനാഥാലയങ്ങൾക്ക് വേണ്ടി ഒരു ചാരിറ്റി തുടങ്ങാനിരിക്കവെയാണ്, വീണ്ടും സന്തോഷം പീലി വിടർത്തിയത്. മായ ഗർഭിണി ആണെന്ന് ഡോക്ടർ പറഞ്ഞ ആഹ്ലാദത്തിലിരിക്കുമ്പോഴാണ്, തന്റെ വിട്ടുമാറാത്ത വയറു വേദനയുടെ കാര്യം അവളോർമിപ്പിച്ചത്. അവളുടെ നിർബന്ധം കൊണ്ടാണ് അന്ന് തന്നെ ഡോക്ടർ പറഞ്ഞ ടെസ്റ്റ് ഒക്കെ ചെയ്തത്. അപ്പോഴേക്കും.....

രാത്രി ഒരുപാടിരുട്ടി. വിവേക് അകത്തേക്ക് നടന്നു. തനിക്ക് ക്യാൻസർ ആണെന്നറിഞ്ഞ നിമിഷം, മായയുടെ പെരുമാറ്റം... ഒരു തരം പേടിപ്പെടുത്തുന്ന വിഭ്രാന്തി. ക്യാൻസർ രോഗിയായ അമ്മയുടെ മരണം വീണ്ടും അവളുടെ കണ്മുന്നിലേക്ക് വരികയായിരുന്നു. അമ്മ തന്നെ അനാഥ ആക്കിയത് പോലെ, വിവേകും പോകുമെന്ന തോന്നൽ... തന്നെ ക്യാൻസർ സെന്ററിലെത്തിച്ചതിനു പുറമെ സുഹൃത്തുക്കളും അനാഥാലയത്തിലെ അമ്മമാരും കൂടി അവളെ മനസികാരോഗ്യ കേന്ദ്രത്തിലാക്കി.തന്റെ കുഞ്ഞിനെ വയറ്റിൽ പേറി തികച്ചും ഭ്രാന്തമായ അന്തരീക്ഷത്തിൽ കഴിയുന്ന അവളെ സുഹൃത്തുക്കൾ പലവട്ടം അവിടേക്ക് കൂട്ടികൊണ്ടുപോയി കാണിച്ചു തന്നപ്പോഴൊക്കെ ശരീരത്തിൽ അനുഭവിച്ച വേദനയിലേറെ മനസ്സിനെ കാർന്നു തിന്നുന്നുണ്ടായിരുന്നു.

ശ്യാം കൊണ്ട് വച്ച കഞ്ഞി ചൂടാറി തുടങ്ങിയിരുന്നു. പാവം ഇന്നലെയും മിനിഞ്ഞാന്നുമൊക്കെ അവരാണ് വീട് വൃത്തിയാക്കിയതും,തന്നെ ഇവിടേക്ക് കൂട്ടികൊണ്ട് വന്നതും. അനാഥാലയത്തിലെ അമ്മമാരിലൊന്നു രണ്ടു പേര് തന്റെ കൂടെ താമസിക്കണം എന്ന് വാശി പിടിക്കുന്നുണ്ടെന്നും അവരെ കൂട്ടികൊണ്ട് വരാമെന്നും പറഞ്ഞു പോയതാണ്. അവർ വന്നിട്ട് വേണം മായയെ കൂട്ടികൊണ്ട് വരാൻ. യാഥാർഥ്യത്തോട് അവൾ കുറച്ചൊക്കെ പൊരുത്തപ്പെട്ടു എന്ന് അവസാന തവണ കണ്ടപ്പോൾ മനസ്സിലായതാണ്. ഇനി തന്റെ മരണം അവൾക്ക് ആഘാതം ഉണ്ടാക്കിയാലും കുഞ്ഞിന് വേണ്ടി അവളതിൽ നിന്നും മോചിതയാകും.

വിവേക് ഒരു പേപ്പർ കയ്യിലെടുത്തു. വേദന അയാളിൽ കടുത്ത പ്രഹരമേല്പിക്കാൻ ശ്രമിച്ചിട്ടും, അതിനെ തോൽപ്പിച്ചു കൊണ്ട് മായയുടെയും, ഇനിയും പുറത്തേക്ക് വന്നിട്ടില്ലാത്ത കുഞ്ഞിന്റെയും മുഖം അയാൾ വരച്ചു. മകനാണെന്ന് ബോധ്യമായത് പോലെ സുന്ദരനായ ഒരു ആൺകുട്ടിയുടെ ചിത്രം.

ആ രാത്രി പെയ്ത തോരാമഴ വിവേകിനെ വേദനകളില്ലാത്ത രാത്രിയിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ വന്നതായിരുന്നു.

വിവേകിന്റെ ഒന്നാം ചരമവാർഷികമാണിന്നു. വിവേകിന്റെ ഫോട്ടോയ്ക്ക് മുന്നിൽ മായ കുഞ്ഞിനെ കൊണ്ട് നമസ്കരിപ്പിച്ചു. വിവേക് വരച്ച ചിത്രത്തിലെ അതെ മുഖഛായ കുഞ്ഞുമകനിൽ കണ്ടത് ഏവരെയും അത്ഭുതപ്പെടുത്തി.

അനാഥാലയത്തിലെ അമ്മമാരുടെയും, കുട്ടികളുടെയും മുന്നിൽ വച്ചു മായ വിവേകിന്റെ കവിതാ സമാഹാരം പ്രകാശനം ചെയ്തു. അതിലെ അവസാന വരികൾ അവളുറക്കെ വായിച്ചു.


' ഓർമയിൽ മാത്രമായി അവശേഷിപ്പിക്കേണ്ടി വരുന്ന ഒത്തിരി മുഖങ്ങൾ...... '

മായ പുസ്തകം വിവേകിന്റെ ഫോട്ടോയ്ക്കു മുന്നിൽ വച്ചു. അതിന്റെ പുറം ചട്ടയിൽ വിവേകിന്റെ രോഗത്തിന്റെ നാളുകളിലൊന്നിൽ എടുത്ത പുഞ്ചിരിച്ചു നിൽക്കുന്ന ഫോട്ടോയ്ക്ക് താഴെയായി പുസ്തകത്തിന്റെ പേരെഴുതിയിരുന്നു.

' ഓർമയിൽ മാത്രം '

# പരാമർശമല്ല, വേണ്ടത് പ്രാർത്ഥനയും പ്രണാമവും

**പ്രതിഭകളെ പരാമർശിച്ച് ഇകഴ്ത്തുന്നത് പുതിയ കാര്യമല്ല. ആ നിരയിൽ ഇതാ ഒരു മഹാപ്രതിഭയെക്കൂടി ഉൾപ്പെടുത്തിയിരിക്കുന്നു– ദക്ഷിണാമൂർത്തി സ്വാമിയെ! ഇഹലോകവാസം വെടിഞ്ഞ് ഏഴു വർഷങ്ങൾക്കുശേഷം അദ്ദേഹത്തിന് മികച്ച സംഗീതസംവിധായകനുള്ള സംസ്ഥാന സർക്കാരിന്റെ പ്രത്യേക ജൂറി പരാമർശം നൽകിയിരിക്കുന്നു.**






തേജശ്രീ

**സ്വാ**മി– ആ ഒറ്റവാക്കിൽ നിറയുന്നുണ്ട് സംഗീതചൈതന്യം. മലയാളികൾ ഇന്നും മനസുകൊണ്ടു നമിക്കുന്ന, സ്നേഹപൂർവം നെഞ്ചിൽ ചേർക്കുന്ന പാട്ടുകളുടെ സ്രഷ്ടാവ്. മലയാള സിനിമകളിൽ ആറു പതിറ്റാണ്ടുകാലം അദ്ദേഹം സജീവമായി നിലകൊണ്ടു. ഇക്കാലത്തിനിടയ്ക്ക് അദ്ദേഹത്തിന് ഒരിക്കൽ സംസ്ഥാന സർക്കാരിന്റെ മികച്ച സംഗീതസംവിധായകനുള്ള അവരാർഡ് ലഭിച്ചു– 1971ൽ. വിലയ്ക്കുവാങ്ങിയ വീണ, മുത്തശി എന്നീ ചിത്രങ്ങളിലെ പാട്ടുകൾക്കായിരുന്നു അത്. അതിസുന്ദരമായ എത്രയോ പാട്ടുകൾ അദ്ദേഹം പിന്നെയുമൊരുക്കി. പാട്ടുകളിൽ ജീവിച്ചു.

## അവസാന സിനിമ

തൃശൂർ സ്വദേശിയായ സേതു എയ്യാലിന്റെ ശ്യാമരാഗം എന്ന സിനിമയ്ക്കു വേണ്ടിയാണ് ദക്ഷിണാമൂർത്തി സ്വാമി അവസാനമായി സംഗീതമൊരുക്കിയത്. ലോഹിതദാസിനൊപ്പം പ്രവർത്തിച്ചിട്ടുള്ള സേതുവിന്റെ ആദ്യ സ്വതന്ത്രചിത്രമാണ് ശ്യാമരാഗം. കോവിഡ് പശ്ചാത്തലത്തിൽ റിലീസിംഗ് നീണ്ടുപോയ ചിത്രത്തിൽ ശാസ്ത്രീയ സംഗീതത്തിനു പ്രാധാന്യമുള്ള പാട്ടുകളാണ് ഉള്ളത്. സ്വാമിയെക്കൊണ്ടു സംഗീതമൊരുക്കണമെന്നത് സേതുവിന്റെ വലിയ ആഗ്രഹമായിരുന്നു. പാട്ടുകൾ എല്ലാംതന്നെ യുട്യൂ

ബിൽ സൂപ്പർ ഹിറ്റുകളാണ്.

മരിക്കുന്നതിനു തൊട്ടുമുമ്പ് 2013ലാണ് സ്വാമി ഈ പാട്ടുകൾക്ക് ഈണമിട്ടത്. യേശുദാസിന്റെ മൂന്നു തലമുറകളുടെ ശബ്ദം ഈ പാട്ടുകളിലുണ്ട് എന്നത് വലിയ ശ്രദ്ധ നേടിയിരുന്നു. യേശുദാസും മകൻ വിജയ് യേശുദാസും പേരക്കുട്ടി അമേയയും ഈ ശ്യാമരാഗത്തിലെ പാട്ടുകൾക്ക് ശബ്ദം നൽകിയിരിക്കുന്നു. കൈതപ്രവും റഫീഖ് അഹമ്മദും രചിച്ച പാട്ടുകൾ ചിത്രയും പാടിയിരിക്കുന്നു. ഒരുപാട്ട് യേശുദാസിനെക്കൊണ്ട് രണ്ടു ശബ്ദത്തിൽ പാടിക്കുകയും ചെയ്തു സ്വാമി.

93-ാം വയസിൽ ഒരു സിനിമയിലെ പാട്ടുകൾ ചിട്ടപ്പെടുത്തുക എന്നത് ലോകസിനിമയിൽതന്നെ ആദ്യത്തെ സംഭവമായിരിക്കും. പറയാത്ത വാക്കൊരു വിഗ്രഹമായ്, ആടി ഞാൻ കദംബവനിയിൽ, ഇഴപോയ തംബുരു, മഞ്ജുനർത്തനശാലയിൽ.. തുടങ്ങി ശ്യാമരാഗത്തിലെ പാട്ടുകൾ സ്വാമിയുടെ മാന്ത്രികസ്പർശത്താൽ ഒറ്റ കേൾവിയിൽ മനസുകളിൽ കൂടുകൂട്ടുന്നവയാണ്.

ഇത്രയും പ്രത്യേകതകളുള്ള, അതിസുന്ദരങ്ങളായ ഈണങ്ങൾക്കാണ് ആ മഹാനുഭാവനെ പ്രത്യേക പരാമർശം നടത്തി അവാർഡ് നിർണയജൂറി അപമാനിച്ചത്.



സേതു ഇയ്യാൽ

സ്വാമിയുടെ കുടുംബാംഗങ്ങൾ ഇതിനോടു വളരെ സൗഹാർദപരമായാണ് പ്രതികരിച്ചതെങ്കിലും അദ്ദേഹത്തിന്റെ ആരാധകരും പരിചയക്കാരും കടുത്ത വേദനയാണ് പങ്കുവച്ചത്. സംഗീത നിരൂപകരും വിചിത്രമായ ഈ അംഗീകാരത്തെ ശക്തമായ ഭാഷയിൽ വിമർശിച്ചു.

ദക്ഷിണാമൂർത്തി സ്വാമി എനിക്ക് അച്ഛൻ മാത്രമല്ല, എന്റെ ഗുരുകൂടിയാണ്. തൊണ്ണൂറ്റിമൂന്നു വയസിൽ ശ്യാമരാഗത്തിനായി പാട്ടുകൾ കംപോസ് ചെയ്യുന്നത് ഞാൻ നേരിൽ കണ്ടതാണ്. എല്ലാ പാട്ടുകളുടെയും റെക്കോർഡിംഗിനും ഞാനും അമ്മയും ഒപ്പമുണ്ടായിരുന്നു. ആ പ്രായത്തിൽ അദ്ദേഹം ഫുൾ കപ്പാസിറ്റിയിൽ ചെയ്ത പാട്ടുകളാണ് അവ. അത്രയും പ്രായത്തിൽ ആരെങ്കിലും അങ്ങനെ ചെയ്തിട്ടുണ്ടോ എന്ന് എനിക്കറിയില്ല. എന്തായാലും അദ്ദേഹത്തിന്റെ ആ പരിശ്രമത്തിന് അംഗീകാരം നൽകിയതിൽ ഞങ്ങളുടെ കുടുംബത്തിന്റെ ഒന്നാകെ നന്ദി അറിയിക്കുന്നു- ദക്ഷിണാമൂർത്തിയുടെ മകൾ ഗോമതിശ്രീ പ്രതികരിച്ചത് ഇങ്ങനെയാണ്.

സ്വാമി എത്രമാത്രം ആത്മാവർപ്പിച്ചാണ് ആ പാട്ടുകൾ ചിട്ടപ്പെടുത്തിയതെന്ന് ഈ വാക്കുകൾ വ്യക്തമാക്കുന്നു. സ്വാമിയുടെ അർപ്പണവും അദ്ദേഹത്തിന്റെ ഈണങ്ങളുടെ ശുദ്ധിയും അറിയുന്ന ആരാധകരാണ് ചലച്ചിത്ര പുരസ്കാര ജൂറിയുടെ നടപടിയിൽ അമർഷം രേഖപ്പെടുത്തുന്നത്.

അസാധ്യ നർമബോധമുള്ള ദക്ഷിണാമൂർത്തി സ്വാമി അകലങ്ങളിലെങ്ങോയിരുന്നു മന്ദഹസിക്കുന്നുണ്ടാകും, ഉറപ്പ്. ലോകത്തോടു വിടവാങ്ങി ഏഴു വർഷങ്ങൾക്കുശേഷം സംസ്ഥാന ചലച്ചിത്ര അവാർഡ് കമ്മിറ്റി കനിഞ്ഞുനൽകിയ പ്രത്യേക പരാമർശത്തിലെ വിരോധാഭാസമോർത്ത്- എന്നാണ് പ്രശസ്ത ചലച്ചിത്രഗാന ഗവേഷകനും ഗ്രന്ഥകാരനുമായ രവി മേനോൻ എഴുതിയത്.

ദക്ഷിണാമൂർത്തിയുടെ കാര്യത്തിൽ ഏഴുവർഷം കഴിഞ്ഞതും അംഗീകാരം പ്രത്യേക പരാമർശം മാത്രമായി ചുരുങ്ങിപ്പോയതും ആ അവാർഡിന്റെ ശോഭ കെടുത്തുന്നു. സത്യത്തിൽ ഇത് ആ മഹാപ്രതിഭയ്ക്കുള്ള മരണാനന്തര ബഹുമതിയല്ല, മറിച്ച് മരണാനന്തര അവമതിയാണ്. ബന്ധപ്പെട്ടവരോട് ദക്ഷിണാമൂർത്തി സ്വാമിയുടെ ആത്മാവ് പൊറുക്കട്ടെ എന്നുമാത്രമേ എനിക്കു പറയാനുള്ളൂ- ഗാനനിരൂപകനായ ടി.പി. ശാസ്തമംഗലം എഴുതുന്നു.

ഒരിക്കലും പുരസ്കാരലബ്ധിയിൽ അഭിരമിക്കുന്നയാളല്ല ദക്ഷിണാമൂർത്തി എന്ന ഋഷിതുല്യനായ സംഗീതകാരൻ. അദ്ദേഹം ഇതെല്ലാം ചിരിയോടെമാത്രം നോക്കിക്കാണുമെന്നുറപ്പ്. എന്നാൽ പുരസ്കാരങ്ങൾക്ക് ഒരു മൂല്യമുണ്ട്. പ്രത്യേക പരാമർശം പോലുള്ളവ, പ്രത്യേകിച്ച് മരണാനന്തരം പ്രഖ്യാപിക്കുമ്പോൾ അത് ആർക്കാണ് നൽകുന്നതെന്നുകൂടി അവാർഡ് അധിപർ നോക്കേണ്ടിയിരിക്കുന്നു.

സ്വാമിയെപ്പോലുള്ളവരെ ഇങ്ങനെ പരാമർശിക്കുകയല്ല, അവരെ പ്രണമിക്കുക മാത്രമാണ് ചെയ്യേണ്ടത്. ●



# ക്വാറന്റൈൻ ഡെയ്സ്

കഥ



**സാന്ദ്ര എസ്. വാരിയർ**

**കൊ**റോണ മായ്ച്ചുകളഞ്ഞ വിഷവും, ഓണവും കഴിഞ്ഞ് നീണ്ട എട്ടുമാസങ്ങൾക്കുശേഷം ഇന്ന് ഞാൻ ഡൽഹിയിൽനിന്ന് നാട്ടിലേക്ക് യാത്രതിരിക്കുകയാണ്. അപ്രതീക്ഷിതമായി ജിതിനേട്ടൻ ടിക്കറ്റെടുത്തു തന്നപ്പോൾ എ്തെന്നില്ലാത്ത സന്തോഷമായിരുന്നു. എയർപോർട്ട് വരെ ജീതിനേട്ടനും കൂടെയുണ്ടായിരുന്നു. എയർപോർട്ടിലേക്ക് കയറുമ്പോൾ നേരിയ ഭയം തോന്നിയെങ്കിലും നാട്ടിലേക്കാണല്ലോ എന്ന ചിന്ത മനസ്സിൽ സന്തോഷം നിറച്ചു. കൊറോണക്കാലമായതിനാൽ എയർപോർട്ടിൽ കുറച്ചേറെ ഫോർമാലിറ്റികളുണ്ട്. ഒറ്റയ്ക്കോടിനടന്ന് ഇത്തരം കാര്യങ്ങൾ ചെയ്തുള്ള പരിചയക്കുറവും, ഭാഷ അത്രക്ക് വശമില്ലാത്തതിന്റെ ബുദ്ധിമുട്ടും എനിക്ക് കുറച്ചധികമായിരുന്നു. ഒടുവിൽ എല്ലാം കഴിഞ്ഞ് ഗെയ്റ്റ് നമ്പർ കണ്ടെത്തി അവിടെ രണ്ടു മണിക്കൂർ കാത്തിരിപ്പ്. പിപിഐ കിറ്റും, ഫെയ്സ്ഷീൽഡും, മാസ്കും, ഗ്ലൗസുമെല്ലാമണിഞ്ഞ് ഏതാണ്ട് 6.30ന് 180 സീറ്റുള്ള വിമാനത്തിലേക്ക് ഞാനും കയറി. ഏറ്റവും അവസാനത്തേതിനു തൊട്ടുമുമ്പിലായിരുന്നു എന്റെ സീറ്റ്. എല്ലാംകൂടി ഇട്ടതുകൊണ്ട് ശരീരത്തിനാകപ്പാടെ അസ്വസ്ഥതയുണ്ടായിരുന്നു. 160 ആളുകൾ വിമാനത്തിലുണ്ടായിരുന്നു. മൂന്നുപേർക്കിരിക്കാവുന്ന സീറ്റിൽ ഞാനൊറ്റക്കായിരുന്നു. ഒറ്റക്കായതിനാൽ മൂന്നുമണിക്കൂറോളമുള്ള യാത്ര ബോറടിയായിരുന്നു.

കഴിഞ്ഞമാസത്തെ കരിപ്പൂർദുരന്തം ഒരു നൊമ്പരമായി മനസ്സിൽ ഇടക്കിടെ തികട്ടി

വന്നുകൊണ്ടിരുന്നു. എത്രമാത്രം കൊതിച്ചായിരിക്കും അവരെല്ലാം നാട്ടിലേക്കു പുറപ്പെട്ടിട്ടുണ്ടാവുക. പ്രിയപ്പെട്ടവരെ ഒരു നോക്ക് കാണുന്നതിനു മുമ്പ് മരണം അവരെ കവർന്നെടുത്തില്ലേ.

കൊറോണക്കാലമായതിനാൽ പഞ്ചായത്തിൽനിന്നും ആരോഗ്യവകുപ്പ് പറഞ്ഞയക്കുന്ന വണ്ടിയിൽ കയറിയാണ് ഞാൻ വീട്ടിലേക്ക് പോകേണ്ടത്. രാത്രി വൈകുമെന്നതിനാൽ അച്ഛനും, പ്രബിനേട്ടനും കൂടി പ്രബിനേട്ടന്റെ കാറിൽ ഞങ്ങളുടെ കാറിന്റെ പിറകെയും. അച്ഛന്റെയും, അമ്മയുടെയും പേടി...

സമയം 10 മണി. വിമാനം താഴേയ്ക്കിറങ്ങാൻ തുടങ്ങുകയാണ്. ഫോൺ റിംഗ് ചെയ്തു. അച്ഛനാണ്. മൃദുലചേച്ചിയുടെ വീട്ടിൽ എന്നെ കാത്തിരിക്കുകയാണ്. നിലം തൊട്ടപ്പോൾ എന്തെന്നില്ലാത്ത സന്തോഷം. ഫോട്ടോയെടുക്കലും, അഡ്രസ് നൽകലുമെല്ലാം കഴിഞ്ഞ് ലഗേജുമായി പുറത്തെത്തിയപ്പോൾ സമയം 10.40. അച്ഛനെയും, പ്രബിനേട്ടനെയും ദൂരത്തുനിന്നേ കണ്ടു. ഓടി ചെല്ലണമെന്നുണ്ടായിരുന്നു. പക്ഷേ, സാമൂഹിക അകലം... കാർ ഡ്രൈവർ കാറിലേക്ക് സാനിറ്റൈസർ തളിക്കുന്നതു കണ്ടപ്പോൾ പുലകഴിഞ്ഞ് പുണ്യാഹം തളിക്കുന്നതാണ് ഓർമവന്നത്. മൃദുലചേച്ചി കൊടുത്തയച്ച ഇഡ്ഡലിയും, കറിയും കാറിലിരുന്നുകൊണ്ടുതന്നെ ഞാൻ കഴിച്ചു. നല്ല വിശപ്പുണ്ടായിരുന്നു.

ഇങ്ങനെയൊരു യാത്ര ആദ്യ അനുഭവമായിരുന്നു. ഒരു കാറിനുള്ളിൽതന്നെ രണ്ടു മുറികൾ. ഞാൻ പുറകിൽ ഒരു പെട്ടിയിലടച്ചപോലെ. ഞാൻ പറയുന്നത് ഡ്രൈവർക്ക് കേൾക്കാൻ ബുദ്ധിമുട്ടാണ്. മഴ എന്നെ വരവേൽക്കാനെന്നപോലെ ചാറുന്നുണ്ടായിരുന്നു. വഴിയോരം മുഴുവൻ വിജനമായിരുന്നു. രാത്രിയാത്രകൾ ഇപ്പോൾ നിരോധിക്കപ്പെട്ടിരിക്കുകയാണല്ലോ? എത്ര പെട്ടെന്നാണല്ലേ എല്ലാം മാറി മറയുന്നത്.

പുലർച്ചെ ഒരുമണിയായി വീട്ടിലെത്താൻ. അമ്മയും, അപ്പുവും എന്നെ കാണാൻ കാത്തിരിക്കുകയായിരുന്നു. ഉമ്മറത്തെ ചാരുപടിയും, ചാരുകസേരയുമെല്ലാം അമ്മമ്മയുടെ അസാന്നിധ്യം വിളിച്ചുപറയുന്നുണ്ടായിരുന്നു. അമ്മമ്മയുടെ സ്നേഹം നിറഞ്ഞ വാക്കുകൾ ചെവിയിൽ അലയടിക്കുന്നതുപോലെ. അമ്മമ്മയെ അവസാനമായൊന്നു നേരിട്ടുകാണാൻ കഴിയാത്തതിന്റെ വിഷമം മനസ്സിൽ ഒരു നേർത്ത നൊമ്പരമുയർത്തി. ആ സമയത്ത് ലോക്ഡൗൺ ആതിനാൽ തീരെ വരാൻ പറ്റിയില്ല. അമ്മയെയും, അപ്പുവിനെയും ഒന്നു തൊടാൻപോലും പറ്റാത്ത അവസ്ഥ. ലഗേജുമായി നേരെ മുകളിലേക്കു പോവാനായിരുന്നു എന്നോടു പറഞ്ഞത്. ഇനി 14 ദിവസം ക്വാറന്റീനാണത്രെ. മുകളിൽതന്നെ കഴിച്ചുകൂട്ടണം വീട്ടിലുള്ളവരെ ഒന്നു കെട്ടിപിടിക്കാനോ, ഉമ്മവെക്കാനോ 14 ദിവസത്തെ ഈ അജ്ഞാതവാസം കഴിയണം.

അതിരാവിലെ അമ്പലത്തിൽനിന്നുള്ള പാട്ടു കേട്ട് ഒന്നുണർന്നെങ്കിലും ഉറക്കക്ഷീണം കാരണം വീണ്ടും ഉറങ്ങി. എഴുന്നേറ്റ് ബാൽക്കണിയിൽ വന്നു നോക്കിയപ്പോൾ കുളത്തിൽ കുട്ടികൾ നീന്തിതിമിർക്കുന്ന കാഴ്ചയാണ് കണ്ടത്. നിറഞ്ഞൊഴുകുന്ന കുളം എന്നെ കൈകൊട്ടിവിളിക്കുന്നതുപോലെ തോന്നി. ക്വാറന്റൈൻ കഴിയട്ടെ, ഞാൻ വരുന്നുണ്ട്. മനസ്സു മന്ത്രിച്ചു. മുറ്റത്തെ പ്ലാവിലേക്കു നോക്കിയപ്പോൾ അഞ്ചാറു ച്ക്കകൾ. ഇത്തവണ വേനലവധിക്കു വരാൻ കഴിയാത്തതിനാൽ നാട്ടിലെ ചക്കയും, മാങ്ങയുമൊന്നും കിട്ടിയിരുന്നില്ല. കന്നിമാസമായിട്ടും ചക്ക കണ്ടപ്പോൾ എനിക്കായി പ്ലാവ് കരുതിവച്ചതുപോലെ തോന്നി. അമ്മയോട് പറഞ്ഞ് ഇന്നുതന്നെ ചക്കക്കൂട്ടാൻ വെപ്പിക്കണം.

ഞാനിവിടെ ഉള്ളതിനാൽ വീട്ടിലുള്ളവർക്കും പുറത്തേക്കൊന്നും അങ്ങനെ പോകാൻ പാടില്ല. അച്ഛന്റെ കാര്യമാണ് കഷ്ടം. വീട്ടിൽ വെറുതെയിരിക്കുന്ന അച്ഛനെ ഞാനിന്നുവരെ കണ്ടിട്ടില്ല. എങ്കിലും അവരും എന്റെ കൂടെ ക്വാറന്റൈൻ തന്നെയായിരുന്നു. അമ്മയുടെ രുചിയൂറുന്ന വ്യത്യസ്ത വിഭവങ്ങൾ ഓരോ ദിവസവും എന്റെ മുന്നിൽ വന്നുകൊണ്ടിരുന്നു. താഴേക്ക് പ്രവേശനമില്ലാത്തതിനാൽ കോണിപ്പടിയായി എന്റെ ഊൺമേശ. പുതിയ വീക്കിലികളും ഓണപതിപ്പുകളും അമ്മ എനിക്ക് വായിക്കാനായി വായനശാലയിൽനിന്നും കൊണ്ടുവന്നിരുന്നു. വായനയും, എഴുത്തുമായിരുന്നു ഈ ദിവസങ്ങളിൽ എന്റെ ചങ്ങാതി. കൂ

ടാതെ ഓൺലൈൻ ക്ലാസുകളും. ഞാൻ പഠിച്ച ശ്രീകൃഷ്ണപുരം ഹയർ സെക്കൻഡറി സ്കൂളിൽ സംസ്കൃതം അധ്യാപകരുടെ താൽപര്യപ്രകാരം ആരംഭിച്ച അക്ഷരശ്ലോകപഠനക്കളരിയിൽ കുട്ടികളെ അക്ഷരശ്ലോകം പഠിപ്പിക്കുന്നത് ഞാനാണ്. കൂടാതെ ബാലവേദികുട്ടികളെയും അക്ഷരശ്ലോകം പഠിപ്പിക്കുന്നുണ്ട്. അത് എന്നും ചൊല്ലിയിടണം. അതുകൊണ്ട് ക്വാറന്റൈൻ ആണെങ്കിലും സമയം പോകാൻ യാതൊരു ബുദ്ധിമുട്ടുമില്ല. പക്ഷേ എല്ലാം മുകളിലിരുന്ന് മാത്രം. ആകാശത്തിലൂടെ പക്ഷികൾ പറക്കുന്നതു കാണുമ്പോൾ ഒന്നു പുറത്തിറങ്ങാൻ എനിക്കും കൊതിയാവും.

ഞാൻ ക്വാറന്റൈനിൽ ആയതിനാൽ നാട്ടിലെത്തിയത് ആരും അറിഞ്ഞിരുന്നില്ല. അറിഞ്ഞാൽ പിന്നെ വീട്ടിൽ കുട്ടികളുടെ ബഹളമായിരിക്കുമെന്ന് അച്ഛൻ തമാശയായി പറയുകയും ചെയ്തിരുന്നു. പക്ഷെ ഒന്നും നമുക്ക് അധികസമയം മറച്ചുവയ്ക്കാൻ കഴിയില്ലല്ലോ? ഒരു ദിവസം രാവിലെ സൈക്കിൾബെല്ലടികളുടെ മുഴക്കം കേട്ടാണ് ഞാനുണർന്നത്. ബാൽക്കണിയിൽ വന്നു നോക്കിയപ്പോൾ കുട്ടിക്കൂട്ടം എന്നെ കാണാനായി സൈക്കിളുമായി ഗെയിറ്റിനു പുറത്ത് നിൽക്കുന്നു. രാവിലത്തെ തണുപ്പും, ചാറ്റൽ മഴയും വകവയ്ക്കാതെയാണവരുടെ വരവ്. എന്നെ കാണാനും വിശേഷങ്ങൾ ചോദിച്ചറിയാനും ഓടിവന്നതാണവർ.

ഞാൻ വന്നതിന്റെ പിറ്റെ ദിവസമായിരുന്നു സെപ്റ്റംബർ 5. അധ്യാപകദിനം. നമ്മെ പഠിപ്പിച്ച അധ്യാപകരെ ഓർക്കാനും, അവരുമായി ചിലവഴിച്ച നല്ല നിമിഷങ്ങളെ ഓർത്തെടുക്കാനുമുള്ള സുദിനം. എല്ലാ അധ്യാപകർക്കും ആശംസകളറിയിച്ചിരിക്കുമ്പോഴാണ് ഡൽഹിയിൽനിന്നും ഒരു വിളി വന്നത്. മലയാളം മിഷനിൽ മലയാളം അധ്യാപികയായി ഞാനും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഡൽഹിയിൽ സ്ഥിരതാമസമാക്കിയ മലയാളികളെ മലയാളഭാഷയുടെ പ്രാധാന്യമുൾക്കൊണ്ട് മലയാളം എഴുതാനും, വായിക്കാനും പഠിപ്പിക്കാൻ കിട്ടിയ സുവർണാവസരം. എത്ര താൽപര്യത്തോടെയാണെന്നോ അവർ മലയാളം പഠിക്കുന്നത്. ഇവിടെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മലയാളം സംസാരിച്ചാൽ ഫൈൻ വാങ്ങുന്നതാണെനിക്കപ്പോൾ ഓർമ വന്നത്.

ക്വാറന്റൈൻ കഴിയുന്നതിന്റെ രണ്ടുദിവസം മുമ്പായിരുന്നു എനിക്ക് കോവിഡ് ടെസ്റ്റ് നടത്തേണ്ടിയിരുന്നത്. റെയിൻകോട്ടും, മാസ്കും, ഹെൽമറ്റുമിട്ട് സ്കൂട്ടിയിൽ ഞാനൊറ്റക്ക് പഞ്ചായത്ത് കല്യാണമണ്ഡപത്തിലേക്ക്. അവിടെ നല്ല തിരക്കായിരുന്നു. എന്നെപ്പോലെ ദൂരെനിന്നും വന്നവർ അവരുടെ ഊഴവും കാത്തിരിക്കുന്നു. ഒന്നരമണിക്കൂർ കാത്തിരിപ്പിനൊടുവിൽ എന്റെയും ടെസ്റ്റ് നടത്തി. പക്ഷെ അതുവരെയില്ലാതിരുന്ന ടെൻഷനായിരുന്നു റിസൽട്ട് വരുന്നതുവരെ എല്ലാവർക്കും. എന്തെന്നറിയാത്ത ഒരു പേടി വീട്ടിലെല്ലാവരുടെ മുഖത്തും കാണാമായിരുന്നു. എല്ലാം പോസിറ്റീവായി കാണുന്ന നമുക്ക് ഇതെന്തായാലും നെഗറ്റീവവേണ്ടേ. അല്ലെങ്കിൽ വീണ്ടും ക്വാറന്റൈൻ.

പതിനെട്ടാം തീയതി വെള്ളിയാഴ്ച രാവിലെ 11 മണി. പുസ്തകം വായിച്ചുകൊണ്ടിരുന്ന സമയത്തായിരുന്നു അച്ഛന്റെ ഫോൺ. 'നിന്റെ ടെസ്റ്റിന്റെ റിസൽറ്റ് വന്നു. നെഗറ്റീവാണ്. ഇനി പുറത്തിറങ്ങാൻ കുഴപ്പമില്ല.' അച്ഛന്റെ വാക്കുകളിലെ ആശ്വാസം എനിക്കും തിരിച്ചറിയാമായിരുന്നു. ഓടിവന്ന് കെട്ടിപ്പിടിക്കുകയാണ് അമ്മ. ഫോണിലൂടെ വിളിച്ച് ടെൻഷൻ ഇല്ലാതായതിന്റെ സന്തോഷം പങ്കുവക്കുന്ന ജിതിനേട്ടൻ. ഇനി കൂടെ കിടന്നുറങ്ങാൻ റെഡിയായി അനിയത്തി അപ്പുവും. ഇങ്ങനെയൊക്കെ ഇരിക്കേണ്ടിവന്നെങ്കിലും അത് വീണ്ടും ഒന്നിക്കാനും സന്തോഷിക്കാനുമാണല്ലോ എന്നോർക്കുമ്പോൾ മനസ്സു ശാന്തമാണ്.

അപ്പുവിനെയുംകൂട്ടി വേഗം കുളത്തിലേക്കോടി. പുറത്തിറങ്ങി കുളത്തിലെ വെള്ളത്തിൽ കാൽ സ്പർശിച്ചപ്പോൾ ആ തണുപ്പ് മനസ്സിലേക്കും പടർന്നുകയറി.

'ബന്ധുരകാഞ്ചനകൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ'

കവിയുടെ ഈ ഈരടികൾ മുഴങ്ങികേൾക്കുന്നതുപോലെ.


●



# കവിതാപുസ്തകം

കവിത

# മിഴിയൊഴിയാതെ



ജയപ്രകാശ് എറവ്.

ഇടവപ്പാതിയല്ല
കർക്കിട പെയ്ത്തല്ല
ഞാനറിഞ്ഞ പെണ്ണിന്റെ
കണ്ണീർമഴയാണ്.


ചിരിക്കുന്നു ,
കളിക്കുന്നു
കാണുന്നു നിത്യവും .
ഉള്ളിലൊരു കനലാഴം
തീർത്തു കൊണ്ടവൾ.

എത്ര പറഞ്ഞാലും
എത്ര തീർത്താലും
പിന്നെയും പിന്നെയും
തോരാതെ പെയ്യുന്നു.
അടക്കം പറഞ്ഞ് കൊണ്ടവൾ
കാലത്തിൻ വേപഥു പങ്കു വെക്കുന്നു.

പുറം വെളിച്ചത്തിൽ
ജീവന്റെ ഉണ്മയെ മറക്കുന്നു.
പരസ്പരമറിയുന്ന രാ
തെളിച്ചത്തെ മറച്ച് നീ
ഇരുൾതന്നെ സത്യവും
ഈയിരുൾ തന്ന സങ്കടം
ഇജ്ജീവിതമെന്ന് പുലമ്പുന്നു.

ഋതുഭേദങ്ങൾ മാറി മറയുമ്പോ , ളാ -
ഗൃഹ ചുവരുകൾ
പൊട്ടിച്ചിതറി കൊണ്ടവളോട്
ചോദിക്കും
എത്രക്കാലം ,
എത്രദൂരം,
ഈ തടങ്കൽ പാളയത്തിൽ
ജീവരസത്തെ കൊന്ന്ത്തീർത്തിടും ....?

ഒരു നാളവൾ
സംഹാരരുദ്രയായ്
കാൽചിലമ്പണിഞ്ഞ് ചുവട് -
വെക്കും.
അന്നേരം ,
ഭൂമി പിളരുമാറുച്ചത്തിൽ
സ്വാതന്ത്ര്യത്തിരി കൊളുത്തും.





# 'പറഞ്ഞു തീരാത്ത പ്രണയം....'

കവിത



സാബി തെക്കേപ്പുറം

ആദ്യരാത്രിയിൽ
നെഞ്ചോടുചേർന്നു കിടക്കവെ,
അവനവളോടു ചോദിച്ചു
'നിനക്ക് പ്രണയമുണ്ടായിരുന്നുവോ...???'

ഇന്റർനെറ്റിലിഴഞ്ഞ്,
ലോകത്തെ കൈപ്പിടിയിലൊതുക്കുന്ന,
സൈബർ കാലത്തെ മണവാളന്റെ ചോദ്യം !

ചോദ്യം സിലബസിനു പുറത്തുള്ളതല്ലായ്കയാൽ,
അവളൊട്ടും ഞെട്ടിയില്ല.
കാലമല്ലേ മാറൂ... ചോദ്യം മാറില്ലല്ലോ....
മനുഷ്യനും...

'അതെ, പ്രണയിച്ചിരുന്നു... '

അവന്റെ മുഖത്തു വിടർന്നത്
നവരസങ്ങളിലേതെന്നു നോക്കാതെ,
വിദൂരതയിലേക്ക് കണ്ണും നട്ടുകൊണ്ടവൾ പറഞ്ഞു....

'പ്രണയിച്ചിരുന്നു ഞാൻ.... '

പുൽനാമ്പുകളിൽ തുഷാരബിന്ദുക്കളാൽ മുത്തുതീർത്ത്,
മഞ്ഞണിഞ്ഞെത്തുന്ന മകരപ്പുലരികളെ...

ഞാറ്റടിപ്പാട്ടിന്റെയീണം മുഴങ്ങുന്ന, പച്ചവിരിപ്പിട്ട വയലേലകളെ....

ചേലത്തുമ്പിൽ ചേറിനാൽ സുഗന്ധം പുരട്ടിയ, പാടവരമ്പുകളെ....

പൊൻകണിക്കൊന്നകൾ പൂത്തുലഞ്ഞീടുന്ന,
നന്മകൾ മാത്രം കണികണ്ടുണരുന്ന, വിഷുപ്പുലരിയെ....

മണ്ണിന്റെ മാദകഗന്ധവും പേറിക്കൊണ്ട്,
വിണ്ണിന്റെ കണ്ണുനീരായ് പെയ്തിറങ്ങുന്ന പുതുമഴയെ....

തെളിമാനം തന്നിലായ് ഏഴുനിറങ്ങൾ ചാലിച്ച വാർമഴവില്ലിനെ....

അസ്തമയസൂര്യൻ ചായം പൂശുമ്പോൾ ചുവന്നുതുടുക്കുന്ന
സായംസന്ധ്യകളെ....

കുട്ടിക്കൂട്ടങ്ങൾ കളിച്ചുതിമിർക്കുന്ന
കുന്നിൻചരിവുകളെ...

കാനനകന്യമാർ കണ്ണാടി നോക്കുന്ന, തെളിനീരുറവകളെ....

മേളപ്പെരുക്കത്തൊലുത്സവം തീർക്കുന്ന,
തെയ്യക്കോലങ്ങളെ...

പൂക്കളെ, പൂമ്പാറ്റകളെ,
കാടും മേടും കടന്നെത്തുന്ന, ഇളംകാറ്റിനെ....

നന്മ വിതച്ച്, നന്മ മാത്രം കൊയ്യുന്നൊരെൻ,
നൽഗ്രാമത്തെ....

പ്രണയിച്ചിരുന്നു ഞാൻ, ഇപ്പോഴും പ്രണയിച്ചുകൊണ്ടിരിക്കുന്നു....

കോൺക്രീറ്റ് വനങ്ങൾ തീർക്കുവാൻ
നാളെ, കമ്പ്യൂട്ടറിൽ സ്കെച്ചിടാനുള്ളതിനാൽ
അവൻ നിദ്രയെപ്പുൽകി...

എയർകണ്ടീഷന്റെ സുഖശീതളിമയിലും,
അവൾ വിയർത്തൊലിച്ചു....

കഴിഞ്ഞ കാലങ്ങളിലേക്ക് തിരിയെപ്പോകാനുള്ള
സോഫ്റ്റ്വെയർ കണ്ടുപിടിക്കുവാൻ,
അവളുടെ മനസ്സു വെമ്പൽ കൊണ്ടു....

ഇനിയും പറഞ്ഞുതീരാത്ത അവളുടെ പ്രണയങ്ങൾ
അവന്റെ കൂർക്കംവലിയിൽ തേഞ്ഞലിഞ്ഞു....

കവിത



# പ്രണയം പൂക്കുന്ന ചില്ല

പ്രണയ മാമര ചില്ല പൂക്കും വരെ
പ്രളയ തീരത്തിലൊറ്റക്കിരുന്നു ഞാൻ
പകലുരുക്കത്തിൻ കൊടിയ താപത്തിലും
പകൽ നിലാവു പോലന്നു ലയിച്ചു ഞാൻ

മിഴികൾ രണ്ടിലും മിന്നിമറയുന്ന
മൗന നൊമ്പരകാന്തികൾ കണ്ടു ഞാൻ
മൊഴികൾ പൂന്തേൻ പൊഴിക്കുന്ന വേളയിൽ
മിഴികൾ പൂട്ടി ഞാനെല്ലാം മറന്നു പോയ്

നെറുകിൽ നീ തൊട്ട മാത്രയിലന്നു ഞാൻ
നിറഞ്ഞ കൺപീലി മെല്ലെ തുടച്ചതും
നറുചന്ദന സുഗന്ധം മണക്കവേ
നിറയുമോർമകൾ തുള്ളിക്കളിച്ചതും

നേർത്ത കണ്ണീർ വടുക്കൾ തുടക്കയാൽ
നിറങ്ങൾ ചേർന്നു തുടുത്തു കവിൾത്തടം
നഷ്ട സ്വപ്ന സുഗന്ധം പരക്കവേ
നൊടിയിൽ കസ്തൂരി ഗന്ധമായ് മാറി നീ

ഹൃദയതാളങ്ങൾ ഒന്നിച്ചു ചേർന്നൊരാ
ഹൃദയ ഭേദക സ്മരണ പുതുക്കവേ
ഹൃദ്യമാകുമാവാക്കുകൾ
കോർത്തുനാം
ഹൃദയപൂർവ്വം രചിച്ചൂ കവിതകൾ

ശ്വേത ബിന്ദുവിൽ സ്നിഗ്ധ സുഗന്ധത്താൽ
ശീതം കോരി മരവിച്ചു നിൽക്കവേ
ശോകമൂക വിരഹ ബാഷ്പങ്ങളാൽ
ശോഭമങ്ങീ മയങ്ങീ ദിനങ്ങളും

നിന്റെ നിശ്വാസ വായുവിലന്നു ഞാൻ
നീറി നീറി പുറത്തു പോകുന്നതും
നിന്റെയോർമ്മതൻ കൂട്ടിൽ പെരുകുവാൻ
നിത്യമോർമ്മകൾ ചേർത്തു വക്കുന്നു ഞാൻ.

കരളുരുക്കി കഴിഞ്ഞു നാമെങ്കിലും
കനവു കണ്ടൊരു കാലം കടന്നുപോയ്
കിനിയുമൂർജ്ജം നിറഞ്ഞൊരു വാക്കുകൾ
കരുതലായി കരുത്തായി മാറുന്നു

സ്നേഹതീരത്ത് സിന്ദൂര സന്ധ്യയിൽ
സൂര്യതേജസ്സു താഴ്ന്നുപോയെങ്കിലും
സ്നേഹസീമന്ത സിന്ദൂര ശോഭയായ്
സീമലംഘിച്ചുദിച്ചു നീ ഇപ്പഴും.



കെ.കെ. മണികണ്ഠൻ

കവിത

# ഇഷ്ടമില്ലാത്ത ഒരാളോട് പ്രണയം പറയുമ്പോൾ

ഇഷ്ടമില്ലാത്ത ഒരാളോട്
നിങ്ങൾ പ്രണയം പറയരുത്
മുഗ്ദാനുരാഗത്തിന്റെ അതിപ്രസരത്തിൽ സ്വയം മറന്ന്
വെയിൽച്ചീളുകളെ വകവയ്ക്കാതെ
അവരുടെ കാൽപ്പാടുകൾ പിന്തുടരരുത്

നിങ്ങളുടെ പ്രണയത്തിരയിളക്കത്തിൽപ്പെട്ട്
വല്ലപ്പോഴും അവരുടെ മുഖത്തൊരു
പുഞ്ചിരിയുടെ നിലാവൊഴുക്കു കണ്ടാൽ
അമിതമായി ആർമാദിക്കരുത്
ഇല്ലാത്ത തിരക്കിന്റെ മുഖം മൂടിയണിഞ്ഞ്
നിങ്ങളിൽ നിന്നും വഴുതി മാറുമ്പോൾ
തിരക്കൊഴിയുന്നതും കാത്ത്
ആകാശച്ചെരുവിലേക്ക് വെറുതെ
നോക്കിയിരിക്കരുത്

രാത്രിയിലെ ഇരുട്ടിനെ കെട്ടിപ്പിടിച്ചു കിടക്കുമ്പോൾ
നിദ്ര കവർന്നെടുത്ത സ്വപ്നങ്ങളെ
അതിമോഹം കൊണ്ട് താലോലിച്ച്
കണ്ണാടിച്ചീളു പോലെ
മിനുക്കിയെടുത്ത് വച്ചേക്കരുത്

അവരുടെ കൈവിരലുകളിൽ വിരൽ കോർത്ത്
കനവിന്റെ അപാരതയിലേയ്ക്ക്
തൂവൽ പൊഴിച്ചേക്കരുത്


നിങ്ങളുടെ ആഹ്ലാദത്തിന്റെ വലിയ ലോകത്തിൽ നിന്നും
അവരെക്കുറിച്ചുള്ള ദു:ഖാഗ്നിയിലേക്ക്
എടുത്തു ചാടിയേക്കരുത്

കാലയാത്രയുടെ ദുഃഖച്ചവർപ്പുകളിൽ നിന്ന്
എന്നും നിങ്ങളെ കൈപിടിച്ച് സമാശ്വസിപ്പിക്കുന്ന
നിങ്ങളുടെ ആ പളുങ്കു ഹൃദയത്തെ
സ്നേഹരഹിതമായ ഒരു ശൂന്യതയിലേക്ക്
വലിച്ചെറിഞ്ഞേക്കരുത്

ഉൾത്തടം വിങ്ങിപ്പൊട്ടുമ്പോൾപ്പോലും
നിങ്ങളെയൊന്ന് വായിച്ചറിയാതെ മുഖം തിരിക്കുന്ന
അവരെയോർത്ത്
നെടുവീർപ്പിടാതിരിക്കുക

നിങ്ങളുടെ കണ്ണീർ പ്രളയത്തിലും ഉരുക്കം
തട്ടാത്ത ആ കല്ലു ഹൃദയത്തെ
വെറുതെ വിട്ടേക്കുക

അവർ അണച്ചു കളഞ്ഞ നിങ്ങളുടെ വെളിച്ചത്തെ തിരഞ്ഞ്
ഒരു ഉന്മാദിയെപ്പോലെ അലയാതിരിക്കണമെങ്കിൽ
നിങ്ങളെ ഇഷ്ടമില്ലാത്തവരെ
വെറുതെ വിട്ടേക്കുക





ഹാജറ കെ.എം

# മണങ്ങൾ

കവിത



സെയ്തലവി വിളയൂർ

ചില മണങ്ങൾ
വഴി തെറ്റി
കടന്നു വരുന്നത്
ഭൂതകാലത്തേക്ക്
നമ്മുടെ
ഓർമ്മകളെ
കൂട്ടിക്കൊണ്ടു
പോകാനാണ്..
കിച്ചനിൽ
പശുവിനു പോലും
വേണ്ടാതെ
പശിമ നഷ്ടപ്പെട്ട്
പരവശയാ-
യൂറിക്കിടക്കുന്ന




പഴങ്കഞ്ഞി
ഒഴിഞ്ഞ വയറിന്റെ
പുക നിറഞ്ഞ
അകത്തളത്തിലേക്ക്
ചിന്തകളെ
പിടിച്ചു വലിക്കുന്നുണ്ട്..
ഒരു പൊട്ട്
പെൻസിൽ
മണ്ണടർന്ന
ചുമരുകൾക്കുള്ളിലെ
ഇരുണ്ട
ക്ലാസ് മുറികളിലേക്കും
പുതുമഴ
നീട്ടിയ
മണ്ണിന്റെ ഗന്ധം
ഓടിക്കിതച്ച
തൊടികളിലേക്കും
ത്രിസന്ധ്യകളിൽ
ചുരുണ്ടുയർന്ന
ചന്ദനത്തിരിയുടെ
ഗന്ധം
സ്നേഹം ബാക്കി വെച്ച്
മാഞ്ഞു പോയവരുടെ
ആത്മാവിലേക്കും
ക്ഷണനേരം
നമ്മെയൊരു
തീർത്ഥ യാത്ര
ചെയ്യിപ്പിക്കുന്നുണ്ട്..
ഓരോ മണങ്ങളും
ഓരോന്നാണ്
ഓർമിപ്പിക്കുന്നത്..
ഓരോ വികാരങ്ങളാണ്
ജനിപ്പിക്കുന്നത്..
ഇന്നലെകളുടെ
ഫോസിലുകളിലേക്ക്
കൂട്ടിക്കൊണ്ടു പോകുന്നയീ
ഗന്ധങ്ങൾക്ക്
നാളെ
ഫോസിലുകൾ പോലു-
മില്ലാതിരിക്കാം..

# തേടുന്നു ഞാൻ....

കവിത



ജൂല അതിയാരത്ത്

തിരയുന്നു ഞാനീ വിജനതയിൽ
നഷ്ടവസന്തത്തിൻ നറുസൗരഭം.

കേൾക്കാൻ കൊതിക്കുന്നു, കാലമാം ഗായകൻ
അപശ്രുതി മീട്ടിയോരെൻ ജീവതാളം.

ഒരു വർണ്ണ സ്വപ്നത്തിൽ പൂക്കാത്ത മോഹങ്ങൾ
തേടി ഞാൻ അലയുന്നു മൃത്യുവിൻ വാടിയിൽ.

എന്റെ കണ്ണീരലിഞ്ഞൊരാ കായലിൽ
ദിശതെറ്റിയലയും പായ് വഞ്ചിപോൽ
ഒഴുകി നടക്കുന്നെൻ മോഹഭംഗങ്ങൾ
തീരമണഞ്ഞിടാനായിടാതെ.


അപ്സരസ്സിൻ മുഗ്ദ്ധ വൈഭവംപോൽ
എൻ മൃദുലപാണിയിൽ ചാരുതയാൽ
നർത്തനം ചെയ്തൊരാ കിലുക്കാംപെട്ടികൾ
ചിതറിയീ തീരം പുണർന്നുകിടക്കുന്നു.

എൻ മനംപോൽ തകർന്നൊരാ വളബ
പ്പൊട്ടുകൾ തൻ ബഹുവർണ്ണമാണോയീ
അലകളെ ചുംബിക്കും നീർപ്പോളകൾ
ചുറ്റിയ ചേലയിൽ വിരിയുന്ന മാരിവിൽ

തരുമോയീ സുന്ദര ഭൂവിതിൽ എൻമോഹം
പൂവണിഞ്ഞീടുവാനൊരു പുനർജന്മം



കവിത



# ഒടുങ്ങാ കാഴ്ചകൾ



യഹിയാ മുഹമ്മദ്

അതിരു തിരിച്ച്
പകുത്തെടുത്ത
ആകാശ ചെരുവിൽ
തനിച്ചായിപ്പോയ നക്ഷത്രക്കുഞ്ഞ്
ഒറ്റക്കിരുന്ന് - കരഞ്ഞ്
കണ്ണുനീർ വാർക്കുന്നുണ്ട്

കറുത്ത പുകച്ചുരുളിനാൽ
കഴുത്ത് ഞെരിഞ്ഞ് ശ്വാസം കിട്ടാതെ
മരിക്കാനൊരുങ്ങുന്നുണ്ട്
മേഘപ്പാളിയിൽ
ഒരു നവജാത ശിശു
ചാപിള്ളയായ് മലത്തോടൊപ്പം
അടർന്നുവീണ്
ക്ലോസറ്റിലേക്ക് ആണ്ടു പോയി

ഇനി ഒരിക്കലും
തിരിച്ചു വരാത്ത വിധം
ഒഴുകിപ്പോയ പുഴക്കരയിൽ
ഒരു പരൽമീനെങ്കിലും
തളിർത്തു വരുമെന്ന് വ്യാമോഹിച്ച്
സ്വപ്നങ്ങിൽ സമൃദ്ധിയുടെ
പ്രതീക്ഷയിൽ കണ്ണും നട്ട്
ഒറ്റക്കാലിൽ - തപസ്സ് ചെയ്യുന്നുണ്ട്
വെളുത്ത നിറമുള്ള ഒരു കൊക്ക്

കൈകൂപ്പി കൈകൂപ്പി
തല തറയോളം താണ്
മുള്ളുകൾ ഒതുക്കി വച്ച്
വിധേയത്വം ശീലിക്കുന്നുണ്ട് ഇവിടെ
തൊട്ടാൽവാടി ചെടികൾ

കഴിച്ചതൊക്കെയും
ദഹിക്കാതെ ചത്ത് കരക്കടിഞ്ഞവയുടെ
ആമാശയത്തിൽ നിന്ന്
പൊട്ടി ഒലിക്കുന്നുണ്ട്
തിരയടങ്ങാത്ത കടലുകൾ

കണ്ട് കണ്ട് സഹികെട്ട് ഇന്നലെ രാത്രി വീടു
വിട്ടിറങ്ങിപ്പോയ
ഒരു ജലകന്യക - വഴി തെറ്റി മലയിറങ്ങി
ചുരം പിഴ്ത്
ഈ വഴിയേ കടന്നു പോയി
കണ്ണുനീർ കടൽ ബാക്കിയാക്കി

കവിത

# നീദാന്തം





സ്വപ്നാ റാണി.എം

കടൽക്കാറ്റുകൾ
നൃത്തം വയ്ക്കുന്ന സന്ധ്യയിൽ
നാം സ്വപ്നങ്ങളുടെ തുഴയെറിഞ്ഞ്
യാത്ര തുടങ്ങി.
ആഴങ്ങളോ ആകാശങ്ങളോ
തേടിപ്പോകുന്നതെന്ന്
നമുക്കു തന്നെ
നിശ്ചയമില്ലായിരുന്നു.
മുത്തും പവിഴവും വിളയുന്ന
ഏതോ അദൃശ്യസാഗരം
അകലെയെവിടെയോ
കാത്തിരിപ്പുണ്ടെന്ന്
വിശ്വസിച്ച രണ്ടു പേർ ,
ഒന്നിച്ചു തുഴയുമ്പോൾ
ആകാശമൊരാമ്പൽ
പൊയ്കയായി മാറും.
മരുഭൂമിയിൽ
പൂക്കൾ വിടർന്ന്
മണം പടരും.
കാറ്റിൽ ആർദ്രമായ
ചില സ്പർശങ്ങൾ
അവർക്കായി കാത്തിരിക്കും.

അലിവിന്റെ തീരങ്ങളായി
സ്വയം രൂപപ്പെടുത്തും വിധം
ഒരേ പുഴ അവർക്കിടയിൽ
ഒഴുകിക്കൊണ്ടേയിരിക്കും.
നമുക്കീ തോണിയും പങ്കായവും
ഒരിക്കലും
മനസ്സിൽ നിന്നിറക്കി വയ്ക്കാതിരിക്കുക.
അഴലുകളുടെ മഹാപർവ്വങ്ങളെ
തോറ്റിയുണർത്തി
പരസ്പരം
തേടിക്കൊണ്ടിരിക്കുക.
അവസാനിക്കേണ്ടതില്ലാത്ത
ഒരു യാത്രയുടെ
ലക്ഷ്യമില്ലായ്മയിലേക്ക്
ഘടികാര സൂചികൾ പോൽ
നിർത്താതെ ചലിക്കുക.
പരസ്പരം കൂട്ടിമുട്ടുന്ന
നിമിഷാർധങ്ങളെ
ഇറുകെപ്പുണരുക.
നമുക്ക് നമ്മളായ്ത്തീരുക.
തീരാത്ത തേടലായ് മാറുക !

കവിത

# ബാക്കി



വിനോദ് വെള്ളായണി

വേനലിൽ
പകൽ മേയുന്ന കുന്നിന്മുകളിൽ
നീ വരുമെന്ന് എനിക്കറിയാം .

അതിനാലങ്ങോട്ടേക്ക്
ആയിരമായിരം തിരക്കുകൾ മാറ്റിവച്ച്
കയറിവരുന്നൂ  ഞാൻ .

കുന്നിന്മുകളിലേക്ക്
എനിക്കു മുമ്പേ നടന്നുപോകുന്നവർ
പിമ്പേ നടന്നുവരുന്നവർ
തിരികെ മടങ്ങുന്നവർ
പക്ഷികളോ മൃഗങ്ങളോ
മനുഷ്യരോ ആരുമായിക്കൊള്ളട്ടെ,
നിന്നിലെത്തിപ്പെടുംവരേയ്ക്കും
അവകളെ എന്റെ ശ്രദ്ധയിൽ നിന്നും
വേരോടെ പിഴുതുകളയുന്നു .

എത്തേണ്ടിടം ,
അതിന്റെ വഴി തുറക്കുംപോലെ തോന്നുന്നു.

എന്റെ നടത്തത്തിന്റെ വേഗത
കൂടിക്കൂടിവരുമ്പോൾ
നിന്നിലേക്കുള്ള ദൂരങ്ങൾ
കുറഞ്ഞപോലെയും .

മുമ്പോട്ട്
മുമ്പോട്ടു മുമ്പോട്ട്
നിന്നിലെത്താനുള്ള തിടുക്കത്തിനുവേണ്ടി
മുമ്പോട്ടു മുമ്പോട്ടു മുമ്പോട്ടു പോകുമ്പോൾ
ഇരുട്ടു മാത്രം കാണുന്നു ഞാൻ.

മടങ്ങിപ്പോയിരിക്കുന്നു  നീ .

വേനലിൽ
പകൽ മേയുന്ന കുന്നിന്മുകളിൽ
നീ വീണ്ടും വരുമെന്ന് എനിക്കറിയാം .

അതിനാലക്കുന്നിന്മുകളിലാകെ
എന്റെ നെഞ്ചിലെ ചൂടിപ്പൊഴും
പ്രണയം കൊണ്ട് നിറഞ്ഞിരിക്കുന്നു .



# മൂന്ന് പ്രണയകവിതകൾ

കവിത

## 1. ലയം

ഞാൻ നിന്നെ പിന്തുടരുന്നു
നീയെറിഞ്ഞു പോയ പൂക്കൾ
അതിന്റെ വാടിയ മണം
നീ നോട്ടമെറിഞ്ഞ വെള്ളാരങ്കല്ലുകൾ
ശ്വസിച്ച വായു
ഇവയിൽ ഞാൻ ജീവിക്കുന്നു
ഒട്ടും പഴകാതെ.
തളരാതെ.



എസ് കെ ജയദേവൻ

## 2. ഗാനം

വൈകിയാലും വന്നെത്തും എന്നു തോന്നിയിരുന്നു.
വാക്കിൽനിന്ന് വാക്കിലേക്ക്
അകല മെത്രയായാലും
നീ അടുത്തു തന്നെയുണ്ടെന്ന്
ഉറപ്പിച്ചിരുന്നു.
പുഴയെത്ര വറ്റിയാലും
മഴ വരുമ്പോൾ
നിറഞ്ഞൊഴുകുന്നതു പോലെ
നേർത്ത സ്വരത്തിൽ
ഉയിർക്കുന്നു
ആ ഗാനം.

## 3. കവിത

ഒരാൾ കേൾക്കുവാൻ വേണ്ടി മാത്രം എഴുതുന്നു

ഒരാൾ കാണുവാൻ വേണ്ടി മാത്രം
ഒരാളെ ആഴത്തിലറിയുവാൻ
ഒരാളുടെ പ്രതിധ്വനി തിരയുവാൻ
ഒരാളിലേക്കു പ്രവഹിക്കുവാൻ എഴുതുന്നു

അയാളിലെത്തിച്ചേരുന്നതോടെ എഴുത്ത് തീരുന്നു
കവിത ബാക്കിയാവുന്നു.





# ഞാൻ പെറ്റിട്ട നമ്മുടെ കവിത

നിന്റെ തൂലികയിലെ
അക്ഷരങ്ങളെ
എന്നിൽ നിക്ഷേപിക്കൂ
അവയെ ഞാൻ
ഗർഭം ധരിക്കാം

നിന്റെ അക്ഷരങ്ങൾ
കൂട്ടിയിട്ട കവിതകളെ
ആരുമറിയാതെ ഞാൻ
പെറ്റിടാം

നമ്മൾക്കതിനെ പോറ്റി
വളർത്താം
താലോലിക്കാം
വളർന്നു കഴിയുമ്പോൾ
ആകാശത്തിലേക്ക്
പറത്തി വിടാം

ഒരു നാൾ നാം പിരിഞ്ഞു
പോകുമ്പോൾ അവ നമ്മേ
പരസ്പ്പരം നോക്കി നിൽക്കും

എന്റെ മുല കണ്ണുകൾ
കരഞ്ഞു വീർക്കും
ആ കുഞ്ഞു വായ
വിതുമ്പി നിൽക്കും

പിന്നീടവ നമ്മുടെ പ്രണയത്തിൻ
ഓർമ്മകളെ ഉദരത്തിൽ
ചുമന്ന്
ഒരുപാട് കവിതകളെ
പെറ്റിടട്ടെ....

നീ ഇനിയും എഴുതണം
ഒന്നുമല്ലെങ്കിലും നമ്മുടെ
കുഞ്ഞിന് വേണ്ടിയല്ലേ
അവർക്കൊരു കൂട്ടിന്
വേണ്ടിയല്ലേ....

നിന്നിൽ നിന്നും ഗർഭം
ധരിച്ച് ഞാൻ പെറ്റിട്ട
നമ്മുടെ കവിത.. ????



– കല്ല്യാണി

# ഉപബോധത്തിന്റെ ഫോസിൽ

കവിത

ഹേ.. മെസ്മറിസ്റ്റു ,
നിഴൽനിശ്ചലമായി
കിടക്കുന്ന
തണുത്തമുറിക്കുള്ളിൽ
ഏകാന്തതയുടെ
ഒരു ഗോപുരം ഉയർന്നുനില്ക്കുന്നു.
എന്റെ മനസ്സിന്റെ
ശസ്ത്രക്രിയയ്ക്കായി
ഒരു കറുത്ത നീളൻകുപ്പായം
നിങ്ങൾ ഇപ്പോഴെന്നെ പുതപ്പിയ്ക്കുന്നു.
ഹേ ..! മെസ്മറിസ്റ്റു ..!
മൂർച്ചയുള്ള,
എങ്കിലും ശാന്തമായ
നിങ്ങളുടെ ഓരോ വാക്കും
ശസ്ത്രക്രിയയ്ക്കുള്ള
ആയുധംപോലെ ,
എന്റെ ബോധത്തിൽ
ഈ നിമിഷങ്ങളിൽ
ആഴ്ന്നിറങ്ങുന്നു.
നിമിഷാർധത്തിൽ,
ബോധതന്തുക്കളെ
ഉറക്കി
നിങ്ങളെന്റെ
ഉപബോധമനസ്സിൻമേൽ
കൊടിനാട്ടുമെന്നും
ആന്തരികാവയവങ്ങൾ
ചികയുന്ന
ഭിഷഗ്വരനെപ്പോലെ
ഉപബോധത്തിലെ
ചത്തിട്ടും ജീവിക്കുന്ന
സ്മൃതികളെ
വീണ്ടെടുത്തു
തുന്നിക്കെട്ടുമെന്നും
എനിക്കറിയാം.
എന്റെ ബാല്യകൗമാരങ്ങളുടെ
പിന്നാമ്പുറത്തേക്ക്
മനസ്സിനെ
കൊണ്ടുപോകരുത്.
പകരം
എന്റെ പൂർവ്വജന്മത്തിലേക്ക്
ഉപബോധമനസ്സിനെ
നിങ്ങൾ
വലിച്ചിഴയ്ക്കൂ..!
ഹേ..! മെസ്മറിസ്റ്റു...
നിങ്ങൾക്കതിനു
കഴിയും.
നിങ്ങളുടെ
കണ്ണുകളിൽ
പാതാളത്തെത്തുരക്കുന്ന
തീക്ഷ്ണതയുണ്ട്.
ഒരു ചരിത്രകാരനെപ്പോലെ ...!
പൂർവ്വജന്മത്തിന്റെ
സ്മൃതിരേഖയിൽ
നിങ്ങൾ
ഖനനം നടത്തുകയാണെങ്കിൽ ,
കാക്കക്കരച്ചിലോടു
കൂടിയ
ഒരു കറുത്തമാനവും
കരിങ്കല്ലിനുമേൽ,
കയർക്കുരുക്കുവീണ
ഒരു മൃതശരീരവും
നിങ്ങൾ കണ്ടെടുക്കും.





വിനോദ്.വി.ദേവ്.

കവിത

# അവൾ



ജസ്ന ഖാനൂൻ

ആഴിയിൽ
അലകളയായി
ആഞ്ഞടിച്ചു വരുന്നൊരു
ചിന്തകളെ വിലക്കിടാൻ
പറ്റാത്ത യൗവ്വനം
അടുപ്പിലെ വിറകുകൊള്ളി
കണക്കെ പുകഞ്ഞു..
ചോറ് വെന്തു
വയറുകളെല്ലാം നിറഞ്ഞു.
ഏമ്പക്കവുമിട്ടങ്ങനെ
മലർന്നു
കിടന്നോർ ചിലർ.
വെന്തു വെണ്ണീറായൊരു
ചാരമിന്നവൾ..

ചിന്നിച്ചിതറിയ
ചാരക്കൂട്ടത്തിൽ നിന്നും
കത്തിയെരിഞ്ഞൊരാ
സ്വപ്നങ്ങളെയും
ത്രസിക്കുന്നോരാ
യൗവനത്തെയും
അവളൊന്നു തിരഞ്ഞു.
കാലമാകുന്ന നിയമം
അതു തുടച്ചു മാറ്റിയിരിക്കുന്നു..

മണ്ണോടു ചേർന്നുടൻ
നുഴഞ്ഞു കയറി
മണ്ണിരയായി
രൂപം പ്രാപിച്ചവൾ
മണ്ണ് തിന്നു കൊണ്ടേയിരുന്നു.
ചെളിയിലെ മണ്ണിരയിവൾ .
വിതറിയ വിത്തുകളെല്ലാം
മുളച്ചു.. തളിർത്തു.. കായ്ച്ചു...
അവൾ പെറ്റുപെരുകി..


അവളുടെ
ഉദരത്തിൽ നിന്ന്
ഉഴറിയിറങ്ങി വന്ന
കറുത്ത സ്വർണത്തെ
ആർത്തിയോടെ
ഏവരും പെറുക്കിത്തുടങ്ങി.
എങ്ങും പൂത്തുലഞ്ഞു.
പൂവും പഴവുമായി
അവൾ.

ആത്മസാക്ഷാൽകാരമല്ലിത്
കാലത്തിന്റെ
വികൃതികൾ മാത്രം !

അവൾ
ആരെന്ന ചോദ്യതിന്നുത്തരമില്ല.
ആരായിരുന്നെന്നും
ആരുമറിഞ്ഞുമില്ല.
സ്വത്വത്തെ
തിരഞ്ഞു കൊണ്ടേയിരുന്നു..

കാലമാകുന്ന നിയമം
വീണ്ടും
അവളെ ഉറ്റുനോക്കുന്നു..
ഒരു മഴയായ്
പുനർജ്ജനിക്കുവാൻ മോഹം.
പെയ്തൊഴിയാൻ.
മഴയായിരുന്നവളെന്നു
മാലോകർ
പറഞ്ഞു കേൾക്കാൻ.
സ്വപ്നങ്ങളും
കവിതകളുമായി
കല്പാന്തകാലത്തോളം
പ്രണയത്തെ
വാരി പുണർന്നീടുവാൻ.
ഇതവൾക്കൊരു
ആത്മസാക്ഷാത്കാരം !

–



കവിത



# ഇലകൾ തിന്നുന്ന മരങ്ങൾ

ഇലകൾ തിന്നുന്ന
മരങ്ങൾക്ക്
വേരുകൾ മുളയ്ക്കാറില്ല,

തായ്ത്തടിയിലും
ഉദരഭാഗത്തും
ഇലത്തുഞ്ചത്ത് പോലും
വേരുകൾ കാണില്ല.

തീറ്റയിൽ,
ഇലകൾക്ക് തരങ്ങളുണ്ട്.

വായിൽ,
വെണ്ണീറ് തൂവാതെ
തണുപ്പൻ മട്ടിൽ
നുണഞ്ഞിറക്കുന്നവർ.

മേനിയിൽ ചുംബിച്ച്,
പതിയെ തലോടി
നിശ്വാസം പോൽ
മധുരിക്കുന്നവർ.

പച്ചയരച്ച്, ചവച്ച്
കടുപ്പത്തിൽ,
മരനീര് പിഴിയുന്നവർ.

മണ്ണിൽ,
മരങ്ങളും ഇലകളും.

തീറ്റയിൽ,
കെട്ടുപോകുന്ന വേരുകളും.

മരങ്ങൾ തിന്നുന്ന
ഇലകൾ തളിർത്ത് പൂവിടുന്നു,
മുറ്റിയ രേഖകളിൽ,
നീർകണങ്ങൾ ഇറ്റുന്നു.

പഴുത്ത്,
കൊഴിയുമ്പോൾ
ഒരില പോലും വേദനിക്കാറില്ല,

മരങ്ങളെ കൊന്ന സുഷുപ്തിയിൽ
ഇലകളെല്ലാം കണ്ണടയ്ക്കുന്നു.



– മുനീർ കടയ്ക്കൽ

# അതിജീവനം

കവിത

അഗ്നിയിൽ നീറുമ്പോൾ
ഫീനിക്സ് പക്ഷിയാവണം .
ജലത്തിൽ വീണാൽ മത്സ്യമാവണം
മണ്ണിൽ വീണാൽ വിത്താവണം.
അതിജീവനത്തിനായ്
രൂപഭാവങ്ങൾ മാറ്റണം.
അതിജീവനത്തിനാദ്യപാഠങ്ങൾ
പുഴുവിൽ നിന്നും പുല്ലിൽ നിന്നുമായ്
പഠിക്കണം.
തോൽവിജയങ്ങൾക്കുമുന്നിൽ
അന്ധരായ് നാട്യമാടുക,
വഴങ്ങുകയും വണങ്ങുകയും
ചെറുതാവുകയും
ചവിട്ടുപടികളിൽ
നിയുക്തകർത്തവ്യങ്ങളായ് കണ്ടേക്കാം,
ലക്ഷ്യം കയറ്റമാണല്ലോ,
അതിജീവനം അനിവാര്യതയും.



അർച്ചന ഇന്ദിര ശങ്കർ



കടലുകണ്ടിരിക്കെ എനിക്കും നിനക്കുമിടയിൽ
എത്രയെത്ര ചോദ്യങ്ങൾ പിറന്നുവീണു..!
'എന്താണ് ഏറെ ഇഷ്ടം'..?
കടലവെച്ചു നീട്ടുന്ന നിന്റെയീ
കൈകളിലേക്ക് വെറുതെ നോക്കിയിരിക്കുന്നത്..
'പിന്നെയോ'..?
കൗതുകത്തോടെ ചിരിക്കുന്ന നിന്റെ
കണ്ണിലെ കടലാഴങ്ങൾ അളന്നെടുക്കുന്നത്..
'പിന്നെയോ'..?
നിന്റെ സ്വപ്നങ്ങളിലൊക്കെയും
ക്ഷണിക്കാതെ വന്നുപോകുന്നത്..
'പിന്നെയോ'..?
നിന്റെ ഉള്ളംകാലിലെ പൂഴിമണ്ണിനെ
എന്റെ ചുണ്ടുകൊണ്ട് തുടച്ചുനീക്കുന്നത്..
പിന്നെയും ചോദ്യങ്ങൾ ഉത്തരങ്ങൾ..
അന്നത്തെ തണുത്ത രാത്രിയിൽ
രണ്ടു വെളുത്ത പക്ഷികൾ കടൽപ്പരപ്പിലൂടെ പറന്നുപോയി..
പെൺപക്ഷിയുടെ ഉള്ളം കാലിൽ
ഒരു നക്ഷത്രം വിരിഞ്ഞിരുന്നു.
നേരം പുലർന്നപ്പോൾ, കടൽചിപ്പി
പെറുക്കുന്ന കുട്ടികൾ തീരത്തു
രണ്ടു ശവങ്ങൾ കണ്ടു.
മരിച്ചവളുടെ ഉള്ളംകാലിൽ
ഒരു തരി പൂഴിപോലുമുണ്ടായിരുന്നില്ല!



നിധീഷ് മാലുമേൽ



# പ്രണയിച്ചിരുന്നുവെങ്കിലും...

കവിത

# യാചകർ



രശ്മി. എൻ.കെ.

പ്രണയത്തിനു
യാചിക്കുന്നവളുടെ
കണ്ണുകൾ ദയനീയതയുടെ
ആഴക്കിണറുകൾ!

നിറഞ്ഞൊഴുകുന്ന അവ
നിന്നെ മാത്രം
പ്രതിഫലിപ്പിക്കുന്നവയാണ്.
ആത്മാഭിമാനത്തിന്റെ
തരിമ്പു പോലും ഇല്ലാതെ
നിന്റെ ലോകത്തിൽ
പെട്ടു പോയിരിക്കുന്നു
അവൾ

ഒന്നു മാറോട് ചേർക്കപ്പെടാൻ
'നീയെന്റെ ' യെന്നു
ഉറച്ച വാക്കു കേൾക്കുവാൻ,
കാത്തിരിക്കുന്ന ഓരോ
നിമിഷവും
ദൂരെ.. ദൂരെ എന്ന്
അടുക്കാതിരിക്കുമ്പോൾ
കാലിന്നടിയിലെ
മണൽത്തരിയേക്കാൾ
വിലയില്ലാതായവൾ.
പ്രണയമേ
നീ കണ്ണന്റെ തുലാസു പോലെ
അവളെ ഒന്നുമല്ലാതാക്കുന്നല്ലോ?
നിലനിൽപ്പില്ലാതായവൾ,
രൂപവും ഭാരവുമില്ലാത്തവൾ,
ജനിച്ചിട്ടേ ഇല്ലാത്തവൾ!



എള്ളളവുപോലും
നുള്ളി നോവിക്കണമെന്ന്
ഉള്ളിൽ കരുതിയതേയില്ല
തീവ്ര പ്രണയം തന്നെയായിരുന്നെന്നും.
പിന്നീടെപ്പോഴോ...
ആശ്രയം തേടി മാത്രമാണ്
ആ മാറിൽ മുറുകെ
പുണർന്നത്,
ഉടലിൽ ചേർന്നമർന്നത്,
ഒന്നായ് അലിഞ്ഞൊഴുകാൻ
തുടങ്ങിയപ്പോഴാണ്...
ആരൊക്കെയോ
ചേർന്നെന്നെ,
അറുത്തെറിഞ്ഞത്... മുച്ചൂടും
'ഇത്തിൾക്കണ്ണി '
എന്നാക്ഷേപിച്ചു വിളിച്ചതും....

# മനസാ... വാചാ...





പി.ആർ ദേവി

കവിത

# നിനക്കായ്......

കണ്ണടക്കുന്നത് നിന്നിലേക്കാണ്
നിറമുള്ള സ്വപനങ്ങൾ കൊതിച്ച്
നനവുമാറാത്ത നിന്റെ സ്പർശനത്തിൻ കുളിരോർമ്മയിൽ.....

ഇരുൾ വീണ എന്റെ രാവുകൾക്ക് നീ നിലാവായിരുന്നു
എന്നിൽ നിറഞ്ഞ് നിന്നിലൂടൊഴുകിയ പാൽനിലാവ്

എന്റെ ഹൃദയമിടിപ്പിന്റെ താളം നിന്റെ ചിരിയായിരുന്നു
എന്റെ ജനാലയിൽ എത്തി നോക്കിയ
മഴത്തുള്ളി നിന്റെ തൂവലിൽ നിന്നടർന്നു വീണതല്ലേ

നിന്റെ കണ്ണുകളിൽ ഞാൻ എന്നെ കണ്ടു
നിന്റെ ചിരിയിൽ മഴവില്ല് തീർത്തു
നിന്റെ മൊഴിയിൽ രാഗങ്ങൾ ചേർത്തു
നിന്റെ ഹൃദയം മണിവീണയാക്കി

നിന്റെ വെളിച്ചത്തിന്റെ നിഴലിൽ നിന്നെയോർത്ത് ഞാനിരിക്കാം
നിനക്കായ് മാത്രം പൂക്കുന്ന മരമായ്
നിനക്കായ് മാത്രം പെയ്യുന്ന മഴയായ്

നീ എന്നിൽ കൊളുത്തിയ തിരി ഞാൻ അണയാതെ സൂക്ഷിക്കും
നിന്റെ ഓർമകൾ പൂവണിയും വരെ' .....
എന്റെ സ്വപനങ്ങൾ നിന്റെ താകും വരെ.......



**കെ.വി. ശ്രീജ**



കവിത

# പ്രണയം



രണ്ട് ദേഹമല്ലാതെ,
ഇരു ഹൃദയം കൊണ്ടൊരാത്മാവായി അലയാൻ
എനിക്കൊന്ന് പ്രണയിക്കണം

അതിൽ ജാതി വേണ്ട,
മതം വേണ്ട,
പണത്തിനായുള്ള വിശപ്പും വേണ്ട,
നീ എന്നോ, ഞാൻ എന്നോ ഇല്ലാതെ
നമ്മളെന്ന സത്യത്തിൽ ഉറച്ചൊരു
പ്രണയത്തെ മാത്രം മതി എനിക്ക് .

പരസ്പരം ചങ്ങലകൾ തീർക്കാത്ത,
സ്വതന്ത്രമായൊരു പ്രണയം മാത്രം മതി എനിക്ക് .

കൂരിരുട്ടിലും പൂർണ്ണചന്ദ്രനെപോൽ നിലാവ്
പൊഴിക്കുന്ന പ്രണയം മാത്രം മതി എനിക്ക്.

സങ്കടകടലിൽ സ്നേഹത്തിൻ തോണിയുമായി,
രക്ഷകനായി എത്തുന്ന
പ്രണയത്തെ മാത്രം മതി എനിക്ക്.

സങ്കൽപമായി ഒടുങ്ങാതെ, യാഥാർത്ഥ്യമാവുന്നൊരു
പ്രണയത്തെ മാത്രം മതി എനിക്ക്.

ഹൃദയങ്ങൾ കൊണ്ടൊന്നായ,
വികാരഭരിതയായൊരു
പുഴയായി ഒഴുകുന്ന പ്രണയത്തിനായി
ഏറെ നാളായി കാത്തിരുപ്പൂ ഞാൻ ....



**ശ്രീഷ്മ.പി**

# പ്രണയ വീഥികൾ




സഹനങ്ങളുടെ വെയിലേറ്റ്
മൗനമണൽ പെരുകിയ
മൂകമാനസതീരങ്ങളിലൊരു
പുഴയായ് നീയൊഴുകി
കനിവിൽ പർണ്ണകുടീരം
തീർത്തൊരു മോഹനായകനായ്

പകൽ വെട്ടത്തിലും
പാഴ് വാക്കിന്നിരുളിൽ
പകച്ചു നിന്നൊരെൻ പയനപഥചിത്രത്തിൽ,
പയ്യെ തവപരിലാളനസ്വരം പതിഞ്ഞാശ്വാസത്തിൻ
പനിനീർ സുഗന്ധം പരത്തും സ്നേഹപുഷ്പമേ

അകതാരിലെരിയും കനൽ പുകഞ്ഞെന്നെ
വലയ്ക്കുന്നേരത്തൊരു
ചാറ്റൽ മഴക്കായ് കേഴുമീ മഴപ്പക്ഷിയുടെ
കണ്ഠങ്ങളിൽ പെയ്തിറങ്ങുന്നതെന്നും
നീയാകും വർഷമേഘങ്ങളല്ലോ.

ചിന്താചിലന്തിവലയിലായ്
വട്ടംകറങ്ങുമെന്നുള്ളമൊരു
ചിറകറ്റശലഭത്തുടിപ്പിൻ
ചിത്രത്തിലൊരു മാരുതനായ്
വന്നെന്നെൻ ചാരെയണഞ്ഞ്
വലയങ്ങളറുത്തെറിഞ്ഞ രക്ഷാകവചമേ.

സന്ധ്യാ സമീരന്റെ
സ്നാന വേളയിൽ
ആടിയുല്ലസിച്ച് നാം
പച്ചക്കതിരുകൾ കൊത്തി
കൊക്കുരുമ്മി പാടിയുയരും രണ്ടിണപക്ഷികളാകിയ
നിമിഷങ്ങളെത്ര സുന്ദരം


എരിയുമെൻ ദേഹത്തിലകലും
ദേഹിതൻനിശ്വാസങ്ങളിൽ നിന്നോടുള്ള
പ്രണയക്കാറ്റൊരു മിഥുനപ്പെയ്ത്തായ് മാറി
നീയതിൽ നനയുന്നേരമീ
ജീവിതമെത്ര ധന്യം പ്രിയനെ

അനർവചനീയമാമെൻ
പ്രണയഭാഷയുടെ
അകക്കാമ്പിലേക്ക് നീ നിയുക്തനാകുമ്പോളീ
പ്രേമാഭിഷേകയക്ഷരങ്ങൾ
അനശ്വരർത്ഥതലങ്ങൾ തേടി.



**രജില ചിത്തരഞ്ജൻ.**

കവിത

# മൗന  ഗർത്തം

## പ്രിയേ...



മുഹമ്മദ് അജീർ. ഒ

നീ വിട വാങ്ങിയപ്പോഴാണ്
വാഗ മരചുവട്ടിലിരുന്ന് ഋതു ഭേദങ്ങളില്ലാതെ
നാം പറഞ്ഞു തീർത്ത പ്രണയം
കാലത്തിന്റെ വെറുമൊരു മുഖാവരണം
ആയിരുന്നെന്ന് ഞാൻ മനസിലാക്കിയത്.

നിൻ സ്വരം നിലച്ചതോടെ
മൗനത്തിന്റെ ഗർത്തത്തിലാണ് എന്റെ വാസം.
ഇവിടെ എന്റെ ചോദ്യങ്ങളാണ്,
നമ്മുടെ പ്രണയത്തെ കുറിച്ച്
എന്നോട് സംസാരിക്കുന്നത്.

ഇനിയും എനിക്കെന്റെ ചോദ്യങ്ങളിൽ നിന്ന്
ഒഴിഞ്ഞു മാറാനാവില്ല,
ഇനിയെന്റെ തീരുമാനം,
അതാണെന്റെ വിധി.

ആദ്യം മതി വരുവോളം എനിക്കീ
ഭൂമിയിൽ പറന്നു നടക്കണം
പിന്നെ ഞാൻ ചിറകറ്റ തുമ്പിയാവും
പിന്നെ കുഴിയാനയാവും
അവസാനം, ആരും അറിയാതെ
മണ്ണിനടിയിൽ ഞാനെന്റെ ജയിൽ വാസം ആരംഭിക്കും.

അന്ന് നീ വരികയാണെങ്കിൽ
എന്റെ കല്ലറക്ക് മുകളിൽ
പൂക്കൾ വെക്കരുത്.
എന്തിനാണ് എനിക്ക് മുകളിൽ മറ്റൊരു ശവം !

അവരെങ്കിലും ചിത്ര ശലഭങ്ങളുമായി പ്രണയിച്ചോട്ടെ....

കവിത

# ചിന്നി ചിതറുന്ന പ്രേമം



സ്വബീഹ് മൂന്നിയൂർ

കവി
കരിങ്കലിൽ തട്ടി തെറിക്കുന്ന
കടലിന്റെ പ്രേമലേഖനത്തെ
കണ്ണ് തുറന്ന് നോക്കിയിരുന്നു

കോൺക്രീറ്റ് ബെഞ്ചിൽ
കമിതാകകളുടെ
സൊറ പറച്ചിലുകൾ
ചൂളമടിക്കുന്ന കാറ്റ്
ചിന്നി ചിതറുന്ന
നുരകൾക്ക് വരേ എത്തിച്ച് കൊടുത്തു

ജീവിതം രണ്ടറ്റം മുടിക്കാനായ്
ജീവൻ പണയം വെക്കുന്ന മുക്കുവമാരുടെ
യാത്ര പറച്ചിലുകളും
ഇണയുടെ കണ്ണീരും
വ്യസനത്തോടെ നോക്കിയിരുന്നു.

എന്നെങ്കിലും
എന്റെ പ്രേമം
കരയും അറിയണം
ചിന്നി ചിതറിയ
പ്രേമലേഖനങ്ങൾ
പ്രേമഭാജനത്തെ തേടി
ഇന്നും അലയുകയാണ്.

